# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നാവായിക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി 12/1296/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/10/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നാവായിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി 12/1296/23 തീയ്യതി: 16/10/2023

## തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 17-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 76 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 57 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) | 18-08-2023 | 24-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-08-2023 | 24-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീ. അഭിജിത്ത്.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രവീൺ.എൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അൻവർരാജ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രശ്മി.ആർ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സജു.ജി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബേബി രവീന്ദ്രൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. സുധീരൻ.എം.എസ്. | സെക്രട്ടറി | 01-04-2022 | 11-04-2022 |
| ശ്രീമതി ഷെറി.എൽ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-04-2022 | 17-04-2022 |
| ശ്രീ. നിഷാദ്.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-04-2022 | 22-04-2022 |
| ശ്രീ. സന്തോഷ് കുമാർ.ജെ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-04-2022 | 25-04-2022 |
| ശ്രീ. സുധീരൻ.എം.എസ്. | സെക്രട്ടറി | 26-04-2022 | 09-10-2022 |
| ശ്രീമതി ഷെറി.എൽ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-10-2022 | 31-10-2022 |
| ശ്രീ. സുധീരൻ.എം.എസ്. | സെക്രട്ടറി | 01-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ധന്യ കൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ബിന്ദു.എ. | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. സുരേഷ് കുമാർ.എസ്. | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 01-04-2022 | 31-03-2023 |
| ഡോ. ഷീബാറാണി.ഐ. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ. ശൈവ.വി.എസ്. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീ. അജു അലക്സ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 01-04-2022 | 04-05-2022 |
| ശ്രീമതി രശ്മി.എസ്.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 05-05-2022 | 20-05-2022 |
| ശ്രീ. അനിൽ കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 21-05-2022 | 24-05-2022 |
| ശ്രീ. ബിനു.കെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 25-05-2022 | 31-03-2023 |
| ശ്രീ. ഷിബു.എ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 01-04-2022 | 24-05-2022 |
| ശ്രീ. ബിനു.കെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 25-05-2022 | 02-06-2022 |

| | | | |
|---|---|---|---|
| | - സർക്കിൾ 2 | | |
| ശ്രീ. നിഹാദ്.എ.വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 03-06-2022 | 18-07-2022 |
| ശ്രീ. ബിനു.കെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 19-07-2022 | 03-08-2022 |
| ശ്രീമതി ആതിര രാജ്.എൽ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 04-08-2022 | 31-03-2023 |
| ശ്രീമതി മറിയ.എം.ബേബി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. സുധീരൻ.എം.എസ്. | സെക്രട്ടറി | 01-04-2022 | 11-04-2022 |
| ശ്രീമതി ഷെറി.എൽ. | സെക്രട്ടറി | 12-04-2022 | 17-04-2022 |
| ശ്രീ. നിഷാദ്.എസ്. | സെക്രട്ടറി | 18-04-2022 | 22-04-2022 |
| ശ്രീ. സന്തോഷ് കുമാർ.ജെ.എസ്. | സെക്രട്ടറി | 23-04-2022 | 25-04-2022 |
| ശ്രീ. സുധീരൻ.എം.എസ്. | സെക്രട്ടറി | 26-04-2022 | 09-10-2022 |
| ശ്രീമതി ഷെറി.എൽ. | സെക്രട്ടറി | 10-10-2022 | 31-10-2022 |
| ശ്രീ. സുധീരൻ.എം.എസ്. | സെക്രട്ടറി | 01-11-2022 | 31-03-2023 |
| ശ്രീമതി പ്രസന്നകുമാരി അമ്മ.എസ്. | എച്ച്.എം. | 01-04-2022 | 31-05-2022 |
| ശ്രീമതി ജയലക്ഷ്മി.എൽ. | എച്ച്.എം. | 01-06-2022 | 31-03-2023 |
| ശ്രീ. കൈലാസ്.എസ്. | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. സന്തോഷ് രാജ്.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷെറി.എൽ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ഫിക്സ്ഡ് അസറ്റുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | അക്യൂമലേറ്റഡ് ഡിപ്രീസിയേഷൻ ആസ്തിയേക്കാൾ അധികരിച്ചു | 1-1-4 |
| 6 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക ബാങ്ക് നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | MGNREGS വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ചെലവ് വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് നാളിതുവരെ ക്രെഡിറ്റ് ആയിട്ടില്ല. | 1-1-8 |
| 10 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | മൂന്ന് മാസമായിട്ടും പണമാക്കാത്ത ചെക്ക് Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-1-10 |
| 12 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല. | 1-1-11 |
| 13 | ആസ്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-12 |
| 14 | ബാങ്ക് അക്കൗണ്ടിന്റെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-13 |
| 15 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക “Capital Contribution” ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-1-14 |
| 16 | കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-15 |
| 17 | Stale Cheque തുകകൾ വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-1-16 |
| 18 | ഡെപ്പോസിറ്റ് നൽകിയ തുകകൾ ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-17 |
| 19 | അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ | 1-1-19 |
| 20 | ബജറ്റ് | 1-2 |
| 21 | ബജറ്റ് അപാകങ്ങൾ | 1-2-1 |
| 22 | സാമ്പത്തിക വിശകലനം | 1-3 |
| 23 | ഗ്രാന്റ് വിനിയോഗം | 1-4 |
| 24 | പദ്ധതി അവലോകനം | 1-5 |
| 25 | ക്ഷേമപദ്ധതികൾ | 1-6 |
| 26 | സാമൂഹ്യ സുരക്ഷ പെൻഷൻ | 1-6-1 |
| 27 | ക്യാഷ് പരിശോധന | 1-7 |

| | | |
|---|---|---|
| 28 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 29 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 30 | എം.ജി.എൻ.ആർ.ഇ.ജി.എസ്. - മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.ടി./ആദായ നികുതി TDS ഈടാക്കിയിട്ടില്ല. | 1-9-1 |
| 31 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 32 | വസ്തു നികുതി - അപാകങ്ങൾ | 1-11 |
| 33 | വസ്തു നികുതി പരിഷ്കരണം -തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 1-11-1 |
| 34 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്. | 1-11-2 |
| 35 | വസ്തു നികുതി ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. | 1-11-3 |
| 36 | സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണയം നടത്തുന്നു | 1-11-4 |
| 37 | ഒറ്റത്തവണ കെട്ടിട നികുതി - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 1-11-5 |
| 38 | സഞ്ചയയിൽ കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല. | 1-11-6 |
| 39 | സഞ്ചയയിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടില്ല. | 1-11-7 |
| 40 | അനധികൃത കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല | 1-11-8 |
| 41 | വസ്തു നികുതി നിർണയത്തിലെ അപാകം. | 1-11-9 |
| 42 | നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം -സൈറ്റ് പ്ലാനും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-11-10 |
| 43 | ഒരേ കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് വ്യത്യസ്ത മേഖല നിർണയം - വസ്തു നികുതിയിൽ കുറവ്. | 1-11-11 |
| 44 | വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നില്ല. | 1-11-12 |
| 45 | തൊഴിൽ നികുതി - സമ്പൂർണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. | 1-12 |
| 46 | തൊഴിൽ നികുതി -അപാകങ്ങൾ | 1-13 |
| 47 | റേഷൻകടകൾ ലൈസൻസില്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു. | 1-14 |
| 48 | തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 285440 രൂപ നഷ്ടമായി. | 1-15 |
| 49 | നികുതി / നികുതിയേതര വരവുകൾ - അവലോകനം | 1-16 |
| 50 | മാർക്കറ്റ് ലേലം - അപാകതകൾ | 1-17 |
| 51 | വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders' List) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. | 1-18 |
| 52 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | 1-19 |
| 53 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിലെ അപാകം. | 1-20 |
| 54 | പകൽ വീടിന് ഭൗതിക സാഹചര്യം ഒരുക്കൽ - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ | 1-21 |
| 55 | പാഥേയം പദ്ധതി ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും അതിദാരിദ്ര്യം മൈക്രോപ്ലാൻ പദ്ധതി ലിസ്റ്റിൽ ഉൾപ്പെട്ടവരെ ഒഴിവാക്കേണ്ടതാണ്. | 1-22 |

| | | |
|---|---|---|
| 56 | പരിസ്ഥിതി സംരക്ഷണത്തിന് നടപടികൾ അനിവാര്യം | 1-23 |
| 57 | ആസ്തി സംരക്ഷണ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 1-24 |
| 58 | ലൈഫ് ഭവന പദ്ധതി ജനറൽ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം | 1-25 |
| 59 | ലൈഫ് ഭവന പദ്ധതി എസ് സി പി | 1-25-1 |
| 60 | ഭവനപുനരുദ്ധാരണം ജനറൽ - നിർമ്മാണം പൂർത്തിയാകുന്നതിന് കാലതാമസം. | 1-25-2 |
| 61 | വീട് വാസയോഗ്യമാക്കൽ എസ് സി പി ( വി ഇ ഓ 2) | 1-25-3 |
| 62 | ഹരിത കർമസേനക്ക് ഇലക്ട്രിക് വാഹനം വാങ്ങിയതിന് സർക്കാർ നിർദ്ദേശങ്ങളേക്കാൾ അധിക തുക ചെലവാക്കി -36400 രൂപയുടെ അധിക ചെലവ് | 1-26 |
| 63 | പൊതു ടാപ്പുകളുടെ കുടിവെള്ള കരം | 1-27 |
| 64 | തെരുവ് വിളക്ക് അറ്റകുറ്റ പണിക്ക് കൂലി നൽകൽ-കരാറുകാരന് നൽകിയ അധിക തുകയായ 162726 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 65 | ആർജ്ജിതാവധി സറണ്ടർ -രേഖകൾ ലഭ്യമാക്കിയില്ല-130620 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 66 | ശമ്പള പരിഷ്കരണം-സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങിയില്ല | 1-30 |
| 67 | ഡിജിറ്റൽ സാക്ഷരത-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-31 |
| 68 | കൃത്യമായ സ്ഥലപരിശോധനയില്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു | 1-32 |
| 69 | പുളിവേലിക്കോണം കുളം നവീകരണം - പ്രവൃത്തി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-33 |
| 70 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ് | 1-34 |
| 71 | ഭിന്നശേഷി സ്കോളർഷിപ്പ് - തുക അനുവദിച്ചതിലെ അപാകങ്ങൾ. | 1-35 |
| 72 | പെൺഅടയാളങ്ങൾ-സ്ത്രീ പദവി പഠനം - റിപ്പോർട്ട് ലഭ്യമായിട്ടില്ല. | 1-36 |
| 73 | കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് അനുവദിച്ച 50000 രൂപയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല. | 1-37 |
| 74 | സ്നേഹസ്പർശം - ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകി. | 1-38 |
| 75 | ബാലസൗഹൃദ പഞ്ചായത്ത് പ്രവർത്തനം - നടപടിക്രമങ്ങളിലെ അപാകം. | 1-39 |
| 76 | അനുപൂരക പോഷകാഹാരം - സ്റ്റോക്കിലെ പൊരുത്തക്കേട്. | 1-40 |
| 77 | വയോജനങ്ങൾക്ക് ജീവിത ശൈലി രോഗങ്ങൾക്കുള്ള മരുന്ന് ഒരു വർഷം വൈകി വിതരണം ചെയ്തു. | 1-41 |
| 78 | ഹോമിയോ മരുന്നുകൾ പൂർണമായും ലഭ്യമായില്ല. | 1-42 |
| 79 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഔഷധി കരാർ പാലിച്ചില്ല. | 1-43 |
| 80 | ഗ്രാമസഭ സംഘാടനത്തിൽ പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കേണ്ടതാണ് | 1-44 |
| ഭാഗം **2** | | |

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22.07.23 ലെ I(1)-ാം നമ്പർ ജനറൽ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 25.07.2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നാവായിക്കുളം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നാവായിക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

എ) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ബി) തൻ വർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B-1 ഷെഡ്യൂൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല.

മേൽപ്പറഞ്ഞവ ILGMS ൽ നിലവിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും വരും വർഷങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള ക്രമീകരണം വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.6/18.08.23 ന്റെ മറുപടി).

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 96453483 രൂപയാണ്. എന്നാൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 41388184 രൂപയാണ്. മേൽ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. പ്രസ്തുത സ്റ്റേറ്റ്മെന്റ് ഓട്ടോമാറ്റിക്കായി ജനറേറ്റ് ചെയ്യുന്നതാണെന്നും അപാകത പരിഹരിക്കുന്നതിന് IKM ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.06/18.08.23 ന്റെ മറുപടി).

### 1-1-3 ഫിക്സ്ഡ് അസറ്റുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

B-11 ഷെഡ്യൂളിൽ Other Fixed Asset ഒഴികെയുള്ള Fixed Assetsകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. 2021-22, 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം Other Fixed Assetsകളുടെ നീക്കിയിരിപ്പ് മൂല്യം 493622 രൂപയാണ്.

വരുംവർഷങ്ങളിൽ അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.6/18.08.23 ന്റെ മറുപടി).

### 1-1-4 അക്യൂമലേറ്റഡ് ഡിപ്രീസിയേഷൻ ആസ്തിയേക്കാൾ അധികരിച്ചു

B-11(a) പ്രകാരമുള്ള Other Fixed Assetsന്റെ അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു.
സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ILGMS ലേക്ക് മാറിയപ്പോൾ പ്രത്യേകം ഹെഡ്ഡില്ലാത്ത ആസ്തികളെ Other Fixed Assets ൽ ഉൾപ്പെടുത്തിയതിനാലാണ് വ്യത്യാസം വന്നതെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം നം.6/18.08.23 ന്റെ മറുപടി). എന്നാൽ അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ തുക ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിച്ചത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. Other Fixed Assets ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-5 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക ബാങ്ക് നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ബി - 4 ഷെഡ്യൂൾ പ്രകാരം CFC Basic Tax Grant – ന്റെ നീക്കിയിരിപ്പ് 2078525 രൂപയും CFC Tied Fund – ന്റെ നീക്കിയിരിപ്പ് 9255216 രൂപയുമാണ് (ആകെ - 11333741 രൂപ). CFC ഗ്രാന്റിനായുള്ള ഇൻഡ്യൻ ഓവർസീസ് ബാങ്ക് അക്കൗണ്ടിലെ (അക്കൗണ്ട് നമ്പർ - 076501000086425) നീക്കിയിരിപ്പ് 11298325 രൂപയാണ്.
ലൈഫ് ഭവനനിർമ്മാണത്തിനായി ഗുണഭോക്താവിന് അനുവദിച്ച തുക തിരികെ ഒടുക്കിയതായി അറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.6/18.08.23 ന്റെ മറുപടി). എന്നാൽ നീക്കിയിരിപ്പിലെ വ്യത്യാസം സംബന്ധിച്ച് വ്യക്തമായ മറുപടി നൽകിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-6 MGNREGS വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രിക I-14(C), I-14(F) എന്നീ ഷെഡ്യൂളുകൾ പ്രകാരമുള്ള MGNREGSന്റെ ആകെ ചെലവ് തുക 62612830 രൂപയാണ്. പ്രസ്തുത തുക I-6 പ്രകാരമുള്ള വരവ് തുകയുമായി (62607899) പൊരുത്തപ്പെടുന്നില്ല.
ചികിത്സാധനസഹായ ഇനത്തിലെ തുകയും M Book വാങ്ങിയ ഇനത്തിലുള്ള തുകയും MGNREGS അഡ്വാൻസ് ഹെഡ്ഡിൽ നിന്ന് ചെലവാക്കുന്നതിനു പകരം ചെലവ് ഹെഡ്ഡിൽ നിന്നും ചെലവഴിച്ചത് യഥാസമയം ജേണൽ ചെയ്ത് ക്രമപ്പെടുത്താൻ വിട്ടുപോയതാണെന്നും വരും വർഷങ്ങളിൽ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.61/23.08.23 ന്റെ മറുപടി).

## 1-1-7 ചെലവ് വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1. ബന്ധപ്പെട്ട രജിസ്റ്റർ, ബിൽ എന്നിവ പ്രകാരം തൊഴിൽരഹിത വേതനയിനത്തിൽ 720 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, വാർഷികധനകാര്യപത്രികയിൽ പ്രസ്തുത ചെലവിന്റെ ഹെഡ്ഡ് ഉൾപ്പെട്ടിട്ടില്ല.

2. ബന്ധപ്പെട്ട അപേക്ഷകൾ, രജിസ്റ്റർ, ബിൽ എന്നിവ പരിശോധിച്ചതിൽ 2022-23 വർഷം വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം ഇനത്തിൽ 7 ഗുണഭോക്താക്കൾക്കായി ആകെ 210000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

ബന്ധപ്പെട്ട സെക്ഷനിൽ നിന്നും വിവരങ്ങൾ യഥാസമയം ലഭിക്കാത്തതിനാല്ലാണ് അക്കൗണ്ട്സിൽ ഉൾപ്പെടുത്താൻ വിട്ടുപോയതെന്ന് വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം നം.61/23.08.23 ന്റെ മറുപടി). ഇപ്രകാരം ചെലവ് തുകകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താത്തതിനുള്ള കാരണം തൃപ്തികരമല്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-1-8 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് നാളിതുവരെ ക്രെഡിറ്റ് ആയിട്ടില്ല.

എസ് ബി ഐ 37443970732 -ാം നമ്പർ അക്കൗണ്ടിന്റെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheques Deposited But Not Cleared എന്ന ഇനത്തിൽ 31182 രൂപയുണ്ട്.
തുക പണമായി മാറ്റാത്തത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 6/18.08.23) ലഭ്യമാക്കിയ മറുപടി പ്രകാരം 31.03.23 ന് ലഭിച്ച തുകകൾ യഥാസമയം അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ല എന്നറിയിച്ചിരിക്കുന്നു. എന്നാൽ മാർച്ച് മാസത്തിനു മുൻപ് ലഭിച്ച ചെക്കുകളും ക്രെഡിറ്റായിട്ടില്ലാത്തതായി കാണുന്നു. മേൽ വിഷയത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-9 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൌച്ചർ നം./തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42201239/31-3-23 |
| 110100102 | Property Tax On Non Residential Buildings | 42201240/31-3-23 |

പ്രതിമാസ ഡിമാന്റ് അക്രൂവൽ ചെയ്യുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട് പരിഹരിക്കുന്ന മുറയ്ക്ക് വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം നം.6/18.08.23 ന്റെ മറുപടി).

## 1-1-10 മൂന്ന് മാസമായിട്ടും പണമാക്കാത്ത ചെക്ക് Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

IOB 76501000008034-ാം നമ്പർ അക്കൌണ്ടിന്റെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, നല്കി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത 589 രൂപയുടെ ചെക്ക് (2021-22 ൽ നൽകിയ ചെക്ക് നം.189417/03.01.22) Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

മേൽ ചെക്ക് Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം നം.72/24.08.23 ന്റെ മറുപടി).

## 1-1-11 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല.

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത ഷെഡ്യൂളിൽ തുക ‘0’ ആയി രേഖപ്പെടുത്തിയിരിക്കുന്നു.
സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നതിന് നിലവിൽ പ്രൊവിഷൻ ഇല്ലായെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് രേഖപ്പെടുത്തൽ വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം നം.30/21.08.23 ന്റെ മറുപടി). ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-12 ആസ്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2022-23 ൽ പുതുതായി സൃഷ്ടിച്ച ആസ്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഉദാ- ഹരിതകർമ്മസേനയ്ക്ക് ഇലട്രിക് വാഹനം വാങ്ങൽ എന്ന പ്രോജക്റ്റ് (നമ്പർ 230/23) പ്രകാരം 486400/- രൂപ ചെലവഴിച്ച് വാങ്ങിയ വാഹനത്തിന്റെ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.72/24.08.23).

## 1-1-13 ബാങ്ക് അക്കൗണ്ടിന്റെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

26.05.22 ലെ 2(2) നം. ഭരണസമിതി തീരുമാനപ്രകാരം വാതിൽപ്പടി സേവന പദ്ധതി നടപ്പിലാക്കുന്നതിനായി പ്രസിഡൻറിന്റെയും സെക്രട്ടറിയുടെയും പേർക്ക് ഒരു സംയുക്ത ബാങ്ക് അക്കൌണ്ട് ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ IOBയിൽ ബാങ്ക് അക്കൗണ്ട് (നമ്പർ 76501000087151) ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ട് സംബന്ധിച്ച വിവരം ILGMS ൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ B-17, RP-40(b) എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ല.
അക്കൗണ്ട്സ് വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടാത്തത് സംബന്ധിച്ച് IKM ന്റെ ശ്രദ്ധയിൽപ്പെടുത്തി അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം നം.72/24.08.23 ന്റെ മറുപടി).

## 1-1-14 ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക “Capital Contribution” ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

ചുവടെ ചേർക്കുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനായി സി.എഫ്.സി Tide ഗ്രാന്റ് ഉപയോഗിച്ച് ചെലവഴിച്ച തുക “Capital

Contribution" ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | 74/23-ടോയിലറ്റ് കോംപ്ലക്സ് നിർമ്മാണം | 304690 |
| 2 | 73/23 – നാവായിക്കുളം ഹൈവേയിൽ ടേക്ക് എ ബ്രേക്ക് | 309671 |

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.72/24.08.23).

## 1-1-15 കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി 2023 മാർച്ച് ലെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.72/24.08.23).

## 1-1-16 Stale Cheque തുകകൾ വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

2020-21, 2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ 350800101-Liability In Respect Of Stale Cheque എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരുന്ന 30000 രൂപ ഉൾപ്പെടെ 2022-23 വർഷം പ്രസ്തുത ഹെഡ്ഡിൽ നീക്കിയിരിപ്പുള്ള 34000 രൂപ വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 30/21.08.23) ലഭ്യമാക്കിയ മറുപടി പ്രകാരം കമ്മിറ്റി തീരുമാനത്തിന് വിധേയമായി മേൽ തുക തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-1-17 ഡെപ്പോസിറ്റ് നൽകിയ തുകകൾ ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടില്ല.

1) സുലേഖ ചെലവ് പത്രിക പ്രകാരം 2022-23 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 228/23-കല്ലമ്പലം മാർക്കറ്റിൽ കുഴൽകിണർ നിർമ്മാണം പദ്ധതിയുടെ ഭാഗമായി ഭൂജല വകുപ്പിന് അനുവദിച്ചിട്ടുള്ളതും വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതുമായ 85724 രൂപ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

2) സുലേഖ ചെലവ് പത്രിക പ്രകാരം 2022-23 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 29/23-സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ പദ്ധതിയ്ക്കായി 236000 രൂപയും, 27/23 – പോസ്റ്റ് ഷിഫ്റ്റിംഗ് പദ്ധതിയ്ക്കായി 118017 രൂപയും കെ.എസ്.ഇ.ബിയ്ക്ക് അനുവദിച്ചിരുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രസ്തുത തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം.72/24.08.23 നൽകിയെങ്കിലും അതിനുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-19 അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ

എ) ബാധ്യത ഹെഡിലെ തുകകൾ അതാത് ഫണ്ടുകളിലേയ്ക്ക് തിരികെ അടവാക്കുന്നില്ല.

2021-22 വർഷത്തെ ബി 9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തിയിരുന്ന ചുവടെ ചേർക്കുന്ന തുകകൾ 2022-23 ലും ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് തിരികെ ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കോഡ് | ഇനം | 2022-23 ധനകാര്യപത്രിക പ്രകാരമുള്ള തുക |
|---|---|---|---|
| 1 | 350200201 | Recoveries Payable-Income | 80 |

| | | | |
|---|---|---|---|
| | | Tax Deducted At Source | |
| 3 | 350300103 | Government And Other Dues Payable-Value Added Tax | 6618 |
| 4 | 350300104 | Government And Other Dues Payable-service Tax | 1000 |
| 5 | 350300111 | Government And Other Dues Payable-Flood Cess | 581 |
| 6 | 350300199 | Government And Other Dues Payable - Others | 1136949 * |
| 7 | 350300112 | Government And Other Dues Payable-Value Of Court Fee Stamp | 1580 ** |

* പൈപ്പ്ലൈൻ എക്സ്റ്റെൻഷൻ പ്രോജക്ടിന്റെ ചെലവഴിക്കാത്ത തുകയായ 1133399 രൂപ 2022-23 വർഷം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ചത് കൂടി ഉൾപ്പെട്ടത്.

** 2022-23 ലെ വരവ് തുകയായ 990 രൂപ കൂടി ഉൾപ്പെട്ടത്.

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ അടവാക്കിയ 1133399 രൂപ ഉൾപ്പെടെയുള്ള വരവ് തുകകൾ സർക്കാരിലേയ്ക്ക് അടവാക്കുന്നതാണെന്നും എന്നാൽ VAT, Flood Cess എന്നിവ നിലവിൽ സർക്കാരിലേയ്ക്ക് അടവാക്കാൻ കഴിയുന്നില്ലെന്നും അറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.6/18.08.23 ന്റെ മറുപടി). തുക ഒടുക്കി ചെലാൻ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ബി) ശമ്പളകുടിശ്ശിക തുക നൽകാതെ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു.

ബാലൻസ് ഷീറ്റ് ബി - 9 ഷെഡ്യൂൾ ഹെഡ് കോഡ് നം. 350110199 Other Employee Liabilities Payable ഇനത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ 2021-22 വർഷത്തെ ബി – 9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തിയിരുന്ന 3854 രൂപ 2022-23 ലും നിലനിർത്തിയിരിക്കുന്നതായി കാണുന്നു.

മുൻ സീനിയർ ക്ലാർക്കായിരുന്ന ശ്രീമതി ദീപ, അനർട്ട് ഓഫീസിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിലെ ശമ്പളകുടിശ്ശിക തുകയാണെന്നും ടി തുക ടിയാൾക്ക് തിരികെ നൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ച് ഇല്ലായെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.30/21.08.23 ന്റെ മറുപടി). നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സി) ജീവനക്കാരനിൽ നിന്നും ഈടാക്കിയ റിക്കവറി തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ ഒടുക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ബി - 9 ഷെഡ്യൂൾ ഹെഡ് കോഡ് നം. 350200115 Recoveries Payable-Dues To Other Local Goverment Institutions ഇനത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ ജീവനക്കാരനിൽ നിന്നും ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ഈടാക്കിയ 4000 രൂപ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു.

ശ്രീ.ഹർഷകുമാർ, സീനിയർ ക്ലാർക്കിന്റെ ശമ്പളത്തിൽ നിന്നും ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ഈടാക്കിയ മേൽ തുക മുദാക്കൽ ഗ്രാമപഞ്ചായത്തിൽ ഉടൻ തന്നെ അടവാക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.30/21.08.23). തുക ഒടുക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഡി) വരവ് കുടിശ്ശിക തുകകൾ പിരിച്ചെടുത്തിട്ടില്ല

2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ചുവടെ പറയുന്ന ഇനങ്ങളിൽ കുടിശ്ശികയുണ്ടായിരുന്ന തുകകൾ ഈ വർഷവും പിരിച്ചെടുത്തിട്ടില്ല.

| ക്രമ നമ്പർ | ഇനം | 2021-22, 2022-23 ബാലൻസ് ഷീറ്റ് |
|---|---|---|

| | | പ്രകാരമുള്ള തുക |
|---|---|---|
| 1 | Receivables Towards Slaughter House (Arrear) | 451722 |
| 2 | Receivables Towards Market Receipts (Arrear) | 515234 |

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം. 61/23.08.23). 2022-23 വർഷം Slaughter House ന്റെ വരവ് ഇനത്തിലുള്ള ഡിമാന്റ്, കളക്ഷൻ എന്നിവ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ Slaughter House പ്രവർത്തിക്കുന്നുണ്ടോയെന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

ഇ) അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പ്രകാരം ചുവടെ പറയുന്ന അഡ്വാൻസ് ഇനങ്ങളിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക തൻവർഷവും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | 2022-23 B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 460100199 | Other Advances | 766516 |
| 460100103 | Temporary Advances For Official Purposes | 36000 |
| 460100101 | Festival Advance | 55000 |
| 460500501 | Advance To Implementing Officers | 655022 * |
| 460509901 | Advance To Others | 220529 * * |
| 460500306 | Advance To Community Development Society | 261514 |

* 2021-22 വർഷത്തെ ബാലൻസ് തുകയായ 635022 രൂപ കൂടി ഉൾപ്പെട്ട തുക.

* * 2021-22 വർഷത്തെ ബാലൻസ് തുകയായ 220000 രൂപ കൂടി ഉൾപ്പെട്ട തുക.

മേൽ തുകകൾ വരും വർഷങ്ങളിൽ ക്രമപ്പെടുത്തുന്നതാണെന്ന് മറുപടി നൽകിയിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.30/21.08.23 നുള്ള മറുപടി). അഡ്വാൻസ് തുക ക്രമീകരിക്കുന്നതു സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശം കൂടി പാലിക്കേണ്ടതാണ്.

എഫ്) ഡെപ്പോസിറ്റ് തുകകൾ ക്രമീകരിച്ചിട്ടില്ല

2021-22 ലെ ബാലൻസ് ഷീറ്റിൽ നിലനിന്നിരുന്ന ചുവടെ പറയുന്ന ഡെപ്പോസിറ്റുകൾ 2022-23 വർഷത്തിലും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് | ഇനം | 2022-23 ബാലൻസ് ഷീറ്റ് പ്രകാരമുള്ള |
|---|---|---|

| | | നീക്കിയിരിപ്പ് |
|---|---|---|
| 340100201 | Contractors Security Deposit | 10150 * |
| 340100202 | Suppliers Security Deposit | 43586 ** |
| 340100203 | Bidders Security Deposit | 200 |
| 340109901 | Other Deposits | 16132 |
| 340200102 | Auction Deposit | 86690 * |
| 340200199 | Other Deposits | 457932 |

* മുൻവർഷത്തെ ബാലൻസ് തുകയിൽ ഈ വർഷം ക്രമീകരിച്ച തുക കഴിച്ചുള്ള ബാലൻസ് തുക.

** മുൻവർഷത്തെ ബാലൻസ് തുകയായ 15085 രൂപ കൂടി ഉൾപ്പെട്ടത്.

Other Deposits എന്ന ഇനത്തിൽ 2 ഹെഡ്ഡുകളിലായി തുക ഉൾപ്പെടുത്തിയിരിക്കുന്നു.
ഡെപ്പോസിറ്റ് തുകകൾ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.30/21.08.23 ന്റെ മറുപടി). Other Deposits എന്ന ഇനത്തിൽ 2 ഹെഡ്ഡുകളിലെ നീക്കിയിരിപ്പ് തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ജി) ലോൺ രജിസ്റ്റർ കാലികമല്ല
ലഭ്യമാക്കിയ ലോൺ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. ഇ.എം.എസ് ലോൺ സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് പ്രസ്തുത രജിസ്റ്ററിൽ ഉള്ളത്. നിലവിലുള്ള HUDCO ലോൺ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല. മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.61/23.08.23).
എച്ച്) ഡിസിബി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല
Rent, Market Receipts എന്നിവയുടെ ഡിസിബി ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഇനങ്ങളിലുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക ധനകാര്യ പത്രികയുമായി ഒത്തുനോക്കാൻ കഴിഞ്ഞിട്ടില്ല. മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.61/23.08.23).

## 1-2 ബജറ്റ്

ഭരണസമിതിയുടെ 14.03.22 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 123538839 |
| വരവ് | 327785040 |
| ആകെ | 451323879 |

| | |
|---|---|
| ചെലവ് | 346315200 |
| നീക്കിയിരിപ്പ് | 105008679 |

തുടർന്ന് സർക്കാർ/ ഇതര ഗ്രാന്റുകളുടേയും വരവിൽ കുറവുണ്ടായതും വാർഷികപദ്ധതി ഭേദഗതികളുടേയും ഭാഗമായി വരവ് ചെലവ് കണക്കുകളിൽ വന്ന മാറ്റത്തിനനുസൃതമായി ബജറ്റ് പുതുക്കി തയ്യാറാക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 28.03.23 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 1994 കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215, തദ്ദേശസ്വയംഭരണവകുപ്പിന്റെ 2.12.16 ലെ ജി.ഒ.(ആർ.ടി)3291/16/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് എന്നിവ അനുസരിച്ചുള്ള നടപടിക്രമങ്ങളും പ്രവർത്തനഘട്ടങ്ങളും വാർഷികബജറ്റ് തയ്യാറാക്കിയിട്ടുള്ളതിൽ പാലിച്ചിട്ടുണ്ട്.

## 1-2-1 ബജറ്റ് അപാകങ്ങൾ

### 1. ബജറ്റ് രൂപീകരണം

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ, ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ (Annexure 6)

3. പെർഫോമൻസ് ബജറ്റ് (Annexure 10)

4. ജെൻഡർ ബജറ്റ് (Annexure 11)

5. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

എന്നാൽ മേൽപ്പറഞ്ഞവ ബജറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

സി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സിലും ജനറൽ കമ്മറ്റി മിനിട്ട്സിലും രേഖപ്പെടുത്തിയിട്ടില്ല.

ഡി) ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഐസിഡിഎസ് ഓഫീസർ, എച്ച്.എം എന്നിവർ സമർപ്പിച്ച ആവശ്യകതാ പട്ടിക ഒഴികെ മറ്റ് ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള ആവശ്യകതാ പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം.20/19.08.23 നൽകിയെങ്കിലും ക്രമ നമ്പർ ബി, സി എന്നിവയ്ക്ക് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. അതു പ്രകാരം വരുംവർഷങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തി പ്രവർത്തനങ്ങൾ നടത്തുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

2. ബജറ്റ് വകതിരുത്തൽ-ചെലവ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൻ കൂടുതലോ ആയോ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഉചിതമായ ബജറ്റ് തുക വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. എന്നാൽ, 2022-23 സാമ്പത്തിക വർഷത്തെ റിവൈസ്ഡ് ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ/വകയിരുത്താതെ ചില ഇനങ്ങൾക്ക് തുക ചെലവഴിച്ചിരിക്കുന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൌണ്ട് | ബജറ്റ് / റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|
| 1 | 2206001 | 30000 | 36278 |
| 2 | 2301003 | ഹെഡ് ഉൾപ്പെടുത്തിയിട്ടില്ല | 584 |
| 3 | 2301101 | - | 593268 |
| 4 | 2305009 | 100000 | 113673 |
| 5 | 2308001 | 80000 | 300148 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 57/23.08.23) ലഭ്യമാക്കിയ മറുപടി പ്രകാരം ബജറ്റിൽ ഉൾപ്പെട്ടിരിക്കുന്നത് സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഹെഡ്ഡുകളാണെന്നും ആയതിനാലാണ് ഇപ്രകാരം വ്യത്യാസം വന്നിട്ടുള്ളതെന്നും വരും വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുമ്പോൾ മേൽ അപാകതകൾ എല്ലാം പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിലും അക്കൗണ്ട്സിലും ഉൾപ്പെടുത്തിയിട്ടുള്ള ഒരേ ചെലവിനങ്ങളിലും ഹെഡ്ഡുകളിലുമുള്ള വ്യത്യാസങ്ങളാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്. ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രം ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 19602541 |
| ഓഡിറ്റ് വർഷത്തെ വരവ് | 224660804 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 128207321 |
| നീക്കിയിരിപ്പ് | 116056024 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 23622835 | 23622835 | 25462862 | -1840027 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 11991585 | 11991585 | 16093775 | -4102190 |
| വികസനഫണ്ട് (CFC Tied) | 0 | 9861245 | 9861245 | 3482465 | 6378780 |
| വികസനഫണ്ട് | 0 | 5805239 | 5805239 | 4868707 | 936532 |

| | | | | | |
|---|---|---|---|---|---|
| (CFC Untied) | | | | | |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 9703000 | 9703000 | 7936509 | 1766491 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 10966700 | 10966700 | 9029116 | 1937584 |
| CSS | 0 | 0 | 0 | 1333495 | -1333495 |
| SSS | 0 | 0 | 0 | 3693067 | -3693067 |

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) ചുവടെ ചേർക്കുന്ന ഗ്രാന്റുകളുടെ 2022-23 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | Grant Statement | 25462862 |
| | ACR + Source Deduction | 26951126 |
| | Accounts (I-6+ Corresponding Capital Contribution) | 25462862 |
| Development Fund (SCP) | Grant Statement | 16093775 |
| | ACR+ Source Deduction | 16593774 |
| | Accounts (I-6+ Corresponding Capital Contribution) | 16093775 |
| Development Fund (CFC Tied) | Grant Statement | 3482465 |
| | ACR | 3679103 |
| | Accounts (I-6+ Corresponding Capital Contribution) | 8330542 |

| | | |
|---|---|---|
| Maintenance Fund (Non Road) | Grant Statement | 7936509 |
| | ACR | 7941923 |
| | Accounts (I-6+ Corresponding Capital Contribution) | 8841539 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം Development Fund (General), Development Fund (SCP) എന്നിവയുടെ നീക്കിയിരിപ്പ് നെഗറ്റീവ് കാണുന്നു.

2) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ഉള്ള CSS Fund, SSS Fund എന്നിവയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം ഈയിനത്തിൽ വരവും സുലേഖ ചെലവുപത്രിക പ്രകാരം ഈയിനത്തിൽ നീക്കിയിരിപ്പുമുണ്ട്.

3) സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.22, ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച ആകെ 22502515 രൂപയിൽ 16093775 രൂപ മാത്രമാണ് ചെലവഴിച്ചത്. 28.5% തുക ചെലവഴിക്കാതെ പാഴായിരിക്കുന്നു.

4) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിതാ ഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും, കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. എന്നാൽ, പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ചിട്ടില്ല.

| വിഭാഗം | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 3570540 | 2554566 | 71.5 |
| കുട്ടികൾ | 1643060 | 1050900 | 64.9 |
| വൃദ്ധർ | 1199260 | 1006770 | 83.9 |
| ഭിന്നശേഷിയുള്ളവർ | 789300 | 389993 | 49.4 |
| യുവജനങ്ങൾ | 185000 | 169476 | 91.6 |

5) വനിതകൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നീ വിഭാഗങ്ങൾക്കുവേണ്ടി തയ്യാറാക്കിയ ചുവടെ പറയുന്ന പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല.

| വിഭാഗം | പ്രോജക്ട് നമ്പർ | അടങ്കൽ തുക |
|---|---|---|
| വനിതകൾ | 188/23 | 605000 |
| വൃദ്ധർ | 105/23 | 50000 |

| | | |
|---|---|---|
| ഭിന്നശേഷിയുള്ളവർ | 119/23 | 330000 |

6) 2022-23 വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 13908740 | 8646921 | 59.3 |
| | പട്ടിക ജാതി | 379800 | 373200 | 98.26 |
| സേവനം | പൊതുവിഭാഗം | 76859848 | 38384121 | 49.94 |
| | പട്ടിക ജാതി | 36343350 | 19678713 | 54.14 |
| പശ്ചാത്തലം | പൊതുവിഭാഗം | 28630090 | 20082832 | 70.14 |
| | പട്ടിക ജാതി | 3281001 | 2098670 | 63.96 |

7) 2022-23 വർഷം ചുവടെ പറയുന്ന പ്രോജക്ടുകൾക്കായി വകയിരുത്തിയിരുന്ന എസ്.സി.പി ഫണ്ട് തൻവർഷം ചെലവഴിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ | അടങ്കൽ (എസ്.സി.പി ഫണ്ട്) | നിർവഹണോദ്യോഗസ്ഥൻ | ലഭ്യമാക്കിയമറുപടി |
|---|---|---|---|---|
| 1 | 221/23 | 240032 | അസി.എഞ്ചിനിയർ | അടുത്ത വർഷം സ്പിൽ ഓവർ ആക്കി ബിൽ പാസാക്കി |
| 2 | 181/23 | 523110 | അസി.എഞ്ചിനിയർ | അടുത്ത വർഷം സ്പിൽ ഓവർ ആക്കി ബിൽ പാസാക്കി |
| 3 | 185/23 | 319189 | അസി.എഞ്ചിനിയർ | അടുത്ത വർഷം സ്പിൽ ഓവർ ആക്കി ബിൽ പാസാക്കി |
| 4 | 69/23 | 151135 | അസി.സെക്രട്ടറി | മറുപടി ലഭ്യമാക്കിയില്ല |

8) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018 ലെ സ.ഉ(അ)100/2018/ധന., 24.01.2019 ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2022-23 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. 2021-22 വാർഷിക ധനകാര്യപത്രിക ബി-4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ഹെഡുകളിലുള്ള ഗ്രാന്റുകൾ/ഫണ്ടുകൾ എന്നിവ 2022-23 വർഷത്തിലും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | തുക | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | 320700204 | 1250948 | ബ്ലോക്ക് പഞ്ചായത്ത് |
| 2 | 320700205 | 177196 | ജില്ലാപഞ്ചായത്ത് |

9) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം.47/22.08.23 നൽകിയെങ്കിലും ക്രമ നം. 1, 7, 8, 9 എന്നിവയ്ക്ക് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. അതു പ്രകാരം തുകകളിലെ പൊരുത്തമില്ലായ്മ IKM ന്റെ ശ്രദ്ധയിൽപെടുത്തി നടപടി സ്വീകരിക്കുന്നതാണെന്നും ചെലവഴിക്കാതെ അവശേഷിക്കുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്ക് ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തുന്നതിന് തുടർവർഷങ്ങളിൽ ശ്രമിക്കുമെന്നും മറുപടി നൽകിയിട്ടുണ്ട്.

10) 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/contributions ഇനത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക 2022-23 ലും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 320100162 | Sarva Siksha Abhiyan | 36146 |
| 320200307 | Grant For Special Purposes-Local Area Development Fund | 56692 |
| 320100198 | Grant From Suchitwa Mission | 389674 |
| 320300199 | Grant For Special Purposes- Other Government Agencies | 329098 |

പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി വരുംവർഷങ്ങളിൽ ചെലവഴിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.6/18.08.23 ന്റെ മറുപടി).

11) RP-30 പ്രകാരം 2022-23 വർഷം വരവ് വന്ന ചുവടെ പറയുന്ന ഗ്രാന്റ് തുക തൻവർഷം ചെലവഴിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഹെഡ് ഓഫ് അക്കൗണ്ട് | തുക |
|---|---|---|
| 320400199 | Grant For Special Purposes- Other Financial Institutions | 117716 |

HUDCO ലോണിന്റെ പലിശയിനത്തിൽ ലഭ്യമായ തുകയാണെന്നും പ്രോജക്ടിലുൾപ്പെടുത്തി ചെലവാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.6/18.08.23 ന്റെ മറുപടി).


12) ജലജീവൻ മിഷൻ റോഡ് കട്ടിംഗ് ചാർജ്ജ് ഇനത്തിൽ ചെക്ക് നമ്പർ 714616 തീയതി 11-05-2022 പ്രകാരം ലഭിച്ച തുക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ഹെഡ് നമ്പർ 320200305 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Grant For Drinking Water Schemes പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്നു. ആയത് ചെലവഴിക്കാതെ തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 72/24.08.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം തുക പ്രോജക്ട് രൂപീകരിക്കുന്ന മുറയ്ക്ക് ചെലവഴിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. എത്രയും വേഗം തുക ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.


## 1-5 പദ്ധതി അവലോകനം

ഫണ്ട് വിനിയോഗം

1) 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ മുഖേന ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 28544000 | 25462862 | 3081138 |
| വികസനഫണ്ട് എസ്.സി.പി | 17146000 | 16093775 | 1052225 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 9703000 | 7936509 | 1766491 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 9202000 | 9029116 | 172884 |




ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുന്നിരിപ്പ് (2021-22 B-4 ഷെഡ്യൂൾ പ്രകാരം) | വരവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വരവ്) | ആകെ | ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (2022-23 B-4 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( ടൈഡ്) | 3581420 | 9861245 | 13442665 | 3482465 | 9960200 | 9255216 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( അൺടൈഡ്) | 1132394 | 5805239 | 6937633 | 4868707 | 2068926 | 2078525 |

നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 13 | 1 | 60092240 | 4611347 | 77 |
| വെറ്ററിനറി സർജൻ | 9 | 8 | 1 | 4384800 | 2422669 | 55 |
| മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 17 | 15 | 2 | 6792499 | 5765075 | 85 |
| മെഡിക്കൽ ഓഫീസർ –ഹോമിയോ | 1 | 1 | 0 | 250000 | 250000 | 100 |
| മെഡിക്കൽ ഓഫീസർ –ആയുർവേദം | 3 | 3 | 0 | 1396465 | 1396465 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 19 | 16 | 3 | 42899933 | 17555000 | 41 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 16 | 15 | 1 | 10621790 | 7105680 | 67 |
| സെക്രട്ടറി | 48 | 35 | 13 | 30935529 | 20130278 | 65 |
| എച്ച്.എം. | 7 | 7 | 0 | 1797000 | 1570809 | 87 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 10 | 8 | 2 | 15232925 | 5135946 | 34 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 66 | 54 | 12 | 32553578 | 19688966 | 60 |

| | | | | | | |
|---|---|---|---|---|---|---|
| ഡയറിഫാം ഇൻസ്പെക്ടർ | 1 | 1 | 0 | 2952500 | 1442005 | 49 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 13 | 2 | 3576570 | 1790217 | 50 |

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 33526798 | 25462862 | 76 |
| എസ്.സി.പി. | 22502515 | 16093775 | 72 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 17876603 | 8351172 | 47 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 6915626 | 1333495 | 19 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 19480000 | 3693067 | 19 |
| തനത് ഫണ്ട് | 20569882 | 9484086 | 46 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 5959802 | 1962850 | 33 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 9193499 | 4969436 | 54 |
| മെയിന്റനൻസ് റോഡ് | 11068965 | 9029116 | 82 |
| മെയിന്റനൻസ് റോഡിതരം | 11676640 | 7936509 | 68 |
| മറ്റുള്ളവ | 88730937 | 40108480 | 45 |
| ആകെ | 248133766 | 128972937 | 52 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 226 | 189 | 37 | 15,94,02,829 | 8,88,64,457 | 56 |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1പ്രകാരം ആസൂത്രണസമിതി ആവശ്യമെങ്കിൽ പുന:സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ഭരണസമിതിയുടെ 1(1)/16.12.2021-ാം നമ്പർ തീരുമാന പ്രകാരം ആസൂത്രണസമിതി യോഗം പുന:സംഘടിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 31/21.08.2023ന്റെ മറുപടി).

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

28.05.2022, 29.11.2022, 20.12.2022 എന്നീ തീയതികളിൽ ആസൂത്രണ സമിതി യോഗം കൂടിയിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിൽ യഥാക്രമം 9ഉം 6ഉം 5ഉം അംഗങ്ങളാണ് പങ്കെടുത്തത്.

തോടുകളിൽ തടയണ നിർമ്മിച്ച് ജലസ്രോതസുകൾ സംരക്ഷിക്കാനും തരിശ് നിലങ്ങൾ കണ്ടെത്തി കൃഷി ചെയ്യാനും 20.12.2021ലെ യോഗത്തിൽ നിർദ്ദേശമുണ്ടായിരുന്നു. ജലസ്രോതസുകൾ സംരക്ഷിക്കുന്നതിനായി തൊഴിലുറപ്പ് പദ്ധതിയിൽ 2023-24 വർഷം പ്രോജക്ട് വച്ചിട്ടുള്ളതായും തരിശ് കൃഷി നടപ്പിലാക്കി വരുന്നതായും അറിയിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ

നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി (അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ 31/21.08.2023ന്റെ മറുപടി) |
|---|---|---|---|---|
| I | കൃഷി | 07.01.2022 | വെള്ളൂർക്കോണം പാടശേഖരത്തിൽ പമ്പ് ഹൌസ് നിർമ്മാണം. | ചർച്ചകൾ നടന്നുവരുന്നു. |
| Ii | വിദ്യാഭ്യാസം | 03.06.2022 | നാവായിക്കുളം ലൈബ്രറിക്ക് കെട്ടിട നിർമ്മാണം. | നിലവിൽ ലൈബ്രറി കെട്ടിടം ഉണ്ട് (എന്നാൽ, പരിമിതമായ സ്ഥലത്ത് മറ്റ് സ്ഥാപനങ്ങളോടൊപ്പം പ്രവർത്തിക്കുന്നതായി ഓഡിറ്റ് സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്). |
| Iii | ആരോഗ്യം | 03.06.2022 | സ്വന്തമായി കെട്ടിടമില്ലാത്ത സബ്സെന്ററുകൾക്ക് കെട്ടിടം | സ്വന്തമായി സ്ഥലം ഇല്ലാത്തതിനാൽ കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. |
| | | 01.07.2022 | മൂന്ന് ആശുപത്രികളിലും ടോക്കൺ സംവിധാനം നടപ്പിലാക്കുക. | പി.എച്ച്.സിയിൽ ടോക്കൺ സംവിധാനമുണ്ട്. ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളിൽ ഉടനെ നടപ്പിലാക്കും. |
| Iv | സാമൂഹ്യ നീതി | 07.01.2022 | പ്ലാവിള, പൈവേലിക്കോണം, കൊട്ടുവേലിക്കോണം അങ്കണവാടികൾക്കായി കെട്ടിടത്തിനായി ഫണ്ട് അനുവദിക്കുക. | അങ്കണവാടികൾക്കായുള്ള ഫണ്ട് വരുംവർഷങ്ങളിൽ വകയിരുത്തും. ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കുക. | |
| | | 03.06.2022 | പകൽവീടിന്റെ പ്രവർത്തനം ആരംഭിക്കുക. | നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല. |
| V | മൃഗസംരക്ഷണവും ക്ഷീരവികസനവും | 07.01.2022 | തൃക്കോവിൽവട്ടം സബ്സെന്റർ പുനഃസ്ഥാപിക്കുക. | വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. |
| Vi | വനിത വികസനം | 03.06.2022 | ജാഗ്രത സമിതി ഓഫീസ് സംവിധാനം.<br>പഞ്ചായത്ത് തലത്തിൽ കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന കേന്ദ്രം ആരംഭിക്കുക. | ജാഗ്രത സമിതി ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന കേന്ദ്രം ഉടനെ നടപ്പാക്കുന്നതാണ്. |
| Vii | പൊതുമരാമത്ത് | 07.01.2022 | എം.സി.എഫ്. നിർമ്മാണം, പൊതുജലാശങ്ങളുടെ സംരക്ഷണം, മിനി സ്റ്റേഡിയം. | എം.സി.എഫ്. നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പൊതുജലാശങ്ങളുടെ നവീകരണത്തിനായി , 2023-24 വാർഷിക പദ്ധതിയിൽ സി.എഫ്.സി ഫണ്ട് വകയിരുത്തിയിട്ടുണ്ട്.<br>മിനി സ്റ്റേഡിയം നിർമ്മിക്കാൻ സ്ഥലം വാങ്ങുന്നതിന് പ്രോജക്ട് വച്ചിട്ടുണ്ട്. |

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഏതാനും പ്രശ്നങ്ങളും സ്വീകരിച്ച പരിഹാര നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച പരിഹാര നടപടി (അവലംബം ഓഡിറ്റ് എൻക്വയറി നമ്പർ 31/21.08.2023ന്റെ മറുപടി) |
|---|---|---|---|---|
| I | കൃഷി | ഗുരുതരം | പാടശേഖരങ്ങളിൽ നീർച്ചാലുകളുടെയും തോടുകളുടെയും നവീകരണം. | പാടശേഖരങ്ങളിൽ നീർച്ചാലുകളുടെയും തോടുകളുടെയും നവീകരണം നടത്തി. |
| | | ഗുരുതരം | കൊയ്ത്തു യന്ത്രങ്ങളുടെ അപര്യാപ്തത | കൊയ്ത്തു യന്ത്രങ്ങൾ ഉടനെ വാങ്ങുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | |
| Ii | മൃഗസംരക്ഷണവും ക്ഷീരവികസനവും | അതീവ ഗുരുതരം | ഉയർന്ന ഉല്പാദന ചെലവ് | സബ്സിഡി പ്രോജക്ടുകൾ നടപ്പാക്കുന്നു. |
| | | അതീവ ഗുരുതരം | മൃഗാശുപത്രിയിലെ അടിസ്ഥാന സൌകര്യമില്ലായ്മ | അടിസ്ഥാന സൌകര്യം വികസിപ്പിച്ചിട്ടുണ്ട്. |
| Iii | വനിത വികസനം | അതീവ ഗുരുതരം | ജാഗ്രത സമിതി രൂപീകരിക്കൽ | ജാഗ്രത സമിതി രൂപീകരിച്ചിട്ടുണ്ട്. |

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കായി, ബാങ്ക് പ്രതിനിധികളുടെ മീറ്റിംഗ് വിളിച്ചുകൂട്ടിയതായി അറിയിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തൻവർഷം അങ്കണവാടിയുടെ നിർമ്മാണം നടപ്പാക്കിയിട്ടുണ്ട്.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പാഥേയം, നൈപുണ്യ വർദ്ധനവിനുള്ള സംരംഭങ്ങൾ ഉടങ്ങാനുള്ള പദ്ധതി, ജനകീയ ഹോട്ടൽ എന്നിവ നടപ്പിലാക്കിയതായി അറിയിച്ചിട്ടുണ്ട്.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാക്കുന്നതിനായി സമീപത്തുള്ള ബാങ്കിനെ സമീപിച്ചിരുന്നതായും പൊതുസ്ഥലങ്ങളിൽ സോളാർ ക്യമറ സ്ഥാപിക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കാൻ സമ്മതിച്ചതായും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനുതകുംവിധം ആവശ്യകതകൾ നിർണ്ണയിച്ച് പദ്ധതികൾ ആവിഷ്കരിച്ച് മാർഗ്ഗരേഖയും മറ്റ് സർക്കാർ ഉത്തരവുകളും പാലിച്ച് നിർവഹണം നടത്തി പദ്ധതിപണം പാഴാക്കാതെ പദ്ധതി നടത്തിപ്പ് പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകത മേൽ ഖണ്ഡികകളിൽ നിന്നും വ്യക്തമാകുന്നു. ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്ഷേമപദ്ധതികൾ

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 27,60,600 | 1,802 |
| വിധവാ പെൻഷൻ | 1,82,39,600 | 12,420 |
| വാർദ്ധക്യകാല പെൻഷൻ | 4,44,98,100 | 30,523 |
| വികലാംഗ പെൻഷൻ | 55,06,200 | 3,476 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 1,84,200 | 137 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,10,000 | 7 |
| തൊഴിൽരഹിത വേതനം | 720 | 1 |

## 1-6-1 സാമൂഹ്യ സുരക്ഷ പെൻഷൻ

സർക്കുലർ നമ്പർ 63/2021/ധന തീയതി 02.08.2021 പ്രകാരം 2022 ഡിസംബർ മാസം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടതിൽ, പ്രാദേശിക സർക്കാരിലെ രേഖകൾ പ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരിൽ ആരും തന്നെ പെൻഷൻ കൈപ്പറ്റിയിട്ടില്ല എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള ഒരു സർട്ടിഫിക്കറ്റ് എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാരും 25.03.2023 നകം സർക്കാരിൽ ലഭ്യമാക്കേണ്ടതും സേവന പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ് എന്ന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർട്ടിഫിക്കറ്റ് സേവന പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടെങ്കിൽ, ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിരുന്നു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 49/22.08.2023 ന് ലഭ്യമാക്കിയ മറുപടിയിൽ പരാമർശിത സർട്ടിഫിക്കറ്റ് സേവന പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടില്ലായെന്നും ഭാവിയിൽ സമയബന്ധിതമായി ചെയ്യുമെന്നും ഉറപ്പ് നൽകിയിട്ടുണ്ട്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.08.2023, 12.45 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 352 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

വികസന രേഖ പ്രകാരം, 22 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി 28.23 ചതുരശ്ര കിലോമീറ്ററും ജനസംഖ്യ 40,702ഉം ആണ്. നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത കാരണം, ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് പരിമിതികളേറെയുണ്ടെങ്കിലും ആഭ്യന്തര നിയന്ത്രണ സംവിധാനം ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1)ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിൽ ഒട്ടേറെ

അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പരിഹരിക്കാൻ സാധ്യമായവ പരിഹരിക്കേണ്ടതും അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2)ബജറ്റ് തയ്യാറാക്കുന്നതിൽ ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

3)പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ, കൂടുതൽ ക്രിയാത്മകവും പൊതുജനപങ്കാളിത്തമുള്ളതുമാകാൻ അതീവ ശ്രദ്ധയുണ്ടാകേണ്ടതാണ്.

4)വസ്തു നികുതി നിർണയത്തിൽ അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

5)തനത് വരുമാനം പൂർണമായി പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഇതിനാൽ, വികസനഫണ്ടിൽ നിന്നും 285440 രൂപ 2022-23 വർഷം കുറവ് ചെയ്തിട്ടുണ്ട്.

5) നാളിതുവരെ പ്രവർത്തനം ആരംഭിക്കാത്ത പകൽവീടിനായി ഫർണിച്ചർ വാങ്ങി അടുത്തുള്ള സ്കൂളിൽ സൂക്ഷിച്ചിരിക്കുന്നു.

6) ഭവന നിർമ്മാണ / പുനരുദ്ധാരണ പ്രവൃത്തികൾക്ക് സഹായധനം കൈപ്പറ്റി നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാത്തതിന്മേൽ നടപടികൾ അനിവാര്യമാണ്.

7)തെരുവ് വിളക്കുകളുടെയും പൊതു ടാപ്പുകളുടെയും കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ല.

8)ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. ഇപ്രകാരം എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്നത് പരമാവധി ഒഴിവാക്കപ്പെടേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 243078 | 1516109 | 1759187 | 930399* | 828788 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 61677500 | 61677500 | 61677500 | 0 |
| ആകെ | 243078 | 63193609 | 63436687 | 62607899 | 828788 |

* ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവ് തുക – 930399 ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

അക്കൗണ്ട്സ് പ്രകാരമുള്ള ചെലവ് തുക – 935330 രൂപ. (M Book വാങ്ങിയ ഇനത്തിലുള്ള 4950 രൂപ MGNREGS അഡ്വാൻസ് ഹെഡ്ഡിൽ ഉൾപ്പെടുത്തുന്നതിനു പകരം ചെലവ് ഹെഡ്ഡിൽ തെറ്റായി ഉൾപ്പെടുത്തി. കൂടാതെ ബാങ്ക് ചാർജ് ഇനത്തിലുള്ള 19 രൂപ ഉൾപ്പെടുത്തിയിട്ടില്ല).

### 1-9-1 എം.ജി.എൻ.ആർ.ഇ.ജി.എസ്. - മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.ടി./ആദായ നികുതി TDS ഈടാക്കിയിട്ടില്ല.

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50 നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018ലെ സർക്കുലർ നം 65/3 എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. കൂടാതെ, 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ വ്യക്തികളിൽ നിന്നും 1% തുകയും സ്ഥാപനങ്ങളിൽ നിന്നും 2% തുകയും സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. 2022-23 വർഷം നിർമ്മാണം പൂർത്തിയാക്കിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് മേൽ പ്രകാരം ഈടാക്കേണ്ട നികുതികൾ ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | എസ്റ്റിമേറ്റ് തുക | മെറ്റീരിയൽ തുക |
|---|---|---|---|---|
| 1 | പുല്ലൂർമുക്ക് തുലവിള കല്ലായത്ത് റോഡ് വാർഡ് 11 (RC/362844) | ഗിരീഷ് കുമാർ.കെ.എസ് | 500000 | 353383 |
| 2 | കരിമ്പുവിള റോഡ് കോൺക്രീറ്റ് വാർഡ് 13 (RC/365663) | ഗിരീഷ് കുമാർ.കെ.എസ് | 500000 | 383556 |

| | | | | |
|---|---|---|---|---|
| 3 | ആല്ലംമൂട് ചാവരുകാവ് റോഡ് കോൺക്രീറ്റ് വാർഡ് 14<br>(RC/365661) | ഗിരീഷ് കുമാർ.കെ.എസ് | 500000 | 402743 |
| 4 | പ്ലാവിള ഏലാത്തോട് റോഡ് കോൺക്രീറ്റ് വാർഡ് 1<br>(RC/365031) | ഷിജു.എസ്. | 314000 | 239957 |
| 5 | ഉദയഗിരി കുന്നംപുറത്ത് റോഡ് കോൺക്രീറ്റ് വാർഡ് 15<br>(RC/365390) | ഗിരീഷ് കുമാർ.കെ.എസ് | 500000 | 400951 |
| 6 | ആവലിക്കാട് കുരുതിക്കുളം റോഡ് കോൺക്രീറ്റ് വാർഡ് 16<br>(RC/362818) | ഷിജു.എസ്. | 500000 | 408983 |
| 7 | താഴെ വെട്ടിയറ പൊയ്കയിൽ റോഡ് കോൺക്രീറ്റ് വാർഡ് 17<br>(RC/362821) | ഷിജു.എസ്. | 500000 | 414668 |
| 8 | കൊട്ടുവേലിക്കോണം ആല്ലവിള അമ്പലം റോഡ് കോൺക്രീറ്റ് വാർഡ് 8<br>(RC/362824) | ഷിജു.എസ്. | 500000 | 340376 |

2022-23 വർഷം ഏറ്റെടുത്ത റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഗിരീഷ് കുമാർ എന്ന കരാറുകാരനിൽ നിന്ന് സാധനം വിതരണം ചെയ്ത വകയിൽ TDSഇനത്തിൽ 77,368.46 രൂപ ഈടാക്കേണ്ടതുണ്ടെന്നും ഷിജു എന്ന കാരറുകാരന് മെറ്റീരിയൽ തുകയൊന്നും ലഭ്യമാക്കിയിട്ടില്ലായെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 65/21.08.2023ന്റെ മറുപടി). TDS തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഫയൽ പരിശോധനയിൽ, ക്രമ നമ്പർ 4, 6, 7, 8 പ്രവൃത്തികൾക്കായി ഷിജു എന്ന കരാറുകാരൻ മെറ്റീരിയൽ സപ്ലൈ ചെയ്തതായാണ് കാണുന്നത്. എല്ലാ മെറ്റീരിയൽ പ്രവൃത്തികളും വിശദമായി പരിശോധിച്ച് TDS ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.03.2022 | 2021-22 | 20.04.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.07.2017 മുതൽ 22.07.2017 വരെ | 2013-14 മുതൽ 2016-17 വരെ | 23.08.2017 |

## 1-11 വസ്തു നികുതി - അപാകങ്ങൾ

വസ്തു നികുതി പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-11-1 വസ്തു നികുതി പരിഷ്കരണം -തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

05/04/2023 ലെ സ.ഉ.(അച്ചടി)നം.25/2023/LSGD പ്രകാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു. 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളെ വിവിധയിനങ്ങളിലായി വീണ്ടും വിഭജിച്ചാണ് ഉപയോഗക്രമ ഇനവും നികുതി സ്ലാബും നിശ്ചയിച്ചിട്ടുള്ളത്. വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് 01.04.2023 മുതൽ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണയം നടത്തുന്ന കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചുമത്തുന്നതിനുള്ള നിരക്കുകൾ 12.06.2023 ലെ 3(1) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണത്തിന് അനുസൃതമായി ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് കരട് വിജ്ഞാപനം ചെയ്യുകയും ആയത് ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കരട് വിജ്ഞാപനം ഓഡിറ്റ് തീയതി വരെയും അന്തിമമാക്കിയിട്ടില്ല. സഞ്ചയയിൽ നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ നിലവിൽ 2023-24 വർഷത്തെ നികുതി പഴയ നിരക്കിലാണ് ഈടാക്കി വരുന്നത്.

നിലവിലെ നികുതി നിരക്കും പുതുക്കിയ നിരക്കും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗക്രമം | നിലവിലെ നിരക്ക് | പുതുക്കിയത് |
|---|---|---|
| പാർപ്പിടാവശ്യം | 5 | 6 |
| വിദ്യാഭ്യാസാവശ്യം | 5 | 6 |
| ആശുപത്രികൾ | 8 | 20 |
| മൊബൈൽ ടവർ | 500 | 500 |

അന്തിമ വിജ്ഞാപനത്തിലെ നികുതി നിരക്കുകൾ നികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്തി 2023-24 വർഷത്തെ ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടതാണ്. നികുതി നിരക്ക് പുതുക്കുമ്പോൾ പുതുതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്ക് അനുസരിച്ച് കെട്ടിടങ്ങളെ വേർതിരിച്ച് ഡേറ്റാബേസിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഉദാഹണമായി പാർപ്പിടാവശ്യം, വ്യവസായ ആവശ്യം തുടങ്ങിയ കാറ്റഗറികളിൽ നിശ്ചയിച്ച പിരിവുകളായി വരുന്ന ഉപയോഗക്രമങ്ങൾ എല്ലാം ആയത് ബാധകമായ കെട്ടിടങ്ങളെത്തന്നെ ലിസ്റ്റ് ചെയ്യേണ്ടതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ നടപടികളെല്ലാം പൂർത്തിയാക്കിയ ശേഷം ഡേറ്റാബേസിൽ നികുതി നിരക്കുകൾ ചേർത്തതിന്റെ റിപ്പോർട്ട്, 2023-24 വർഷത്തെ പുതുക്കിയ ഡിമാന്റ് ജനറേറ്റ് ചെയ്തത് എന്നിവ ലഭ്യമാക്കേണ്ടതാണ്. നിലവിൽ പഴയ നിരക്കിൽ നികുതി ഒടുക്കിയവർ നികുതി പരിഷ്കരിക്കുമ്പോൾ കുറവ് വന്ന തുക അടവാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

( അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 40/21.08.2023 ന്റെ മറുപടി)

### 1-11-2 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (39/21.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ചട്ട പ്രകാരമുള്ള പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തേണ്ടതും അവയിൽ നിന്നും നിയമാനുസൃത വസ്തു നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

### 1-11-3 വസ്തു നികുതി ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ്

വെയറിൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 1 മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ലായെന്ന് കാണുന്നു

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|---|
| 1 | 1/24 | ചന്ദ്രിക അമ്മ | പാർപ്പിടാവശ്യം | 72 $M^2$ |
| 2 | 1/31 | അജയൻ | പാർപ്പിടാവശ്യം | 70 $M^2$ |
| 3 | 1/335 | സുകുമാരൻ ആശാരി | പാർപ്പിടാവശ്യം | 89 $M^2$ |
| 4 | 1/336 | ജയപാൽ | പാർപ്പിടാവശ്യം | 73.5$m^2$ |
| 5 | 1/337 | ദേവകി | പാർപ്പിടാവശ്യം | 80 $M^2$ |
| 6 | 1/513 | മണികണ്ഠ കുറുപ്പ് | പാർപ്പിടാവശ്യം | 73.5 $M^2$ |
| 7 | 1/607 | മുഹമ്മദ് ഹനീഫ | പാർപ്പിടാവശ്യം | 70 $M^2$ |

അപാകം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 16/19.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമാനുസൃത വസ്തു നികുതി അടവാക്കേണ്ട പഞ്ചായത്ത് പരിധിയിലെ മുഴുവൻ കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നുണ്ടെന്നും പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നില്ലായെന്നും ഉറപ്പാക്കേണ്ടതാണ്.

## 1-11-4 സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണയം നടത്തുന്നു

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണയം നടത്തിയിട്ടുണ്ട്. വാർഡ് നമ്പർ 1, 6 എന്നിവ പരിശോധിച്ചതിൽ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 1/525 C | സജീവ്.എച്ച്, അൻസാരി മൻസിൽ,കെട്ടിടംജംഗ്ഷൻ, കിഴക്കനേല | പാരിപ്പള്ളി പള്ളിക്കൽ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 1/525 A | സജീവ്, അൻസാരി മൻസിൽ,കെട്ടിടം ജംഗ്ഷൻ,വെട്ടിയറ | പാരിപ്പള്ളി പള്ളിക്കൽ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 2 | 6/71 A | സതീഷ്കുമാർ, കിഴക്കേ ഷാരത്ത്,തൃക്കോവിൽ വട്ടം | നാവായിക്കുളം തുമ്പോട് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 6/74 A | നാരായണകുറുപ്പ്,സുശീല, ശങ്കരമംഗലം,നാവായിക്കുളം, | നാവായിക്കുളം തുമ്പോട് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |

| | | | | | |
|---|---|---|---|---|---|
| 3 | 6/190 A | സരസ്വതി, ഗ്രീഷ്മം, പുളിമൂട്ടിൽ വീട്, കണ്ണംകോണം, നാവായിക്കുളം | നാവായിക്കുളം തുമ്പോട് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 6/193 A | അജയകുമാർ(ഹരിതീർത്ഥം,നാവായിക്കുളം) | നാവായിക്കുളം തുമ്പോട് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 14/19.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി നിർണയിക്കുന്നതിൽ ഇത്തരത്തിൽ അപാകങ്ങൾ സംഭവിച്ചിട്ടുണ്ടോയെന്ന് പുനഃപരിശോധിക്കേണ്ടതും ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-5 ഒറ്റത്തവണ കെട്ടിട നികുതി - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

സ.ഉ(എം.എസ്) നം.231/15/ത.സ്വ.ഭ.വ തീയതി 9.7.2015-ാം നമ്പർ ഉത്തരവ് പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോടു കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും 1975ലെ കേരള കെട്ടിടനികുതിനിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതി അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ്. ചുവടെ ചേർക്കുന്ന ഫയലുകളിൽ മേൽ ഉത്തരവ് പാലിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | ഫയൽ നമ്പർ | കെട്ടിട നമ്പർ/ വില്ലേജ് | ഉടമയുടെ പേര് | നികുതി പ്രാബല്യത്തിൽ വന്ന അർദ്ധ വർഷം | ഉപയോഗക്രമം | പ്ലിന്ത് ഏര്യ |
|---|---|---|---|---|---|---|
| 1 | A2/7048 /28.10.2022 | 4/37/A | ഷിഫാന | 2023 ഒന്നാം അർദ്ധവർഷം | പാർപ്പിടാവശ്യം | 151.99 $M^2$ |
| 2 | A2/7651 /04.11.2022 | 2/174/B | സുജിത്.എസ് | 2023 ഒന്നാം അർദ്ധവർഷം | പാർപ്പിടാവശ്യം | 151.3 M2 |
| 3 | A2/9777 /25.04.2021 | 19/156A | സിന്ധു | 2023 ഒന്നാം അർദ്ധവർഷം | പാർപ്പിടാവശ്യം | 125.83 $M^2$ |

അപാകം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷൻക്കുറിപ്പിന് ( 64/23.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങളിൽ നിന്നും ഒറ്റത്തവണ കെട്ടിട നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രസ്തുത വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-11-6 സഞ്ചയയിൽ കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തി 01.04.2013 പ്രകാരമുള്ള പുതുക്കിയ നികുതി നിർണയിച്ചിട്ടില്ല. താഴെപ്പറയുന്ന കെട്ടിടങ്ങളുടെ സഞ്ചയ ഫാറം 6 നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണയിക്കുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| BuildingID | Ward Year | Ward Number | Doornumber | Ownername | Assess Type | Base Filestatus |
|---|---|---|---|---|---|---|
| 50238010010154 | 2012 | 19 | 642 | കമലമ്മ | ARV | DE Ongoing |
| 50238010009944 | 2012 | 19 | 246 | ശോഭന | ARV | Approved |
| 50238010020140 | 2012 | 17 | 226 A | രേഖപ്പെടുത്തിയിട്ടില്ല | Plinth Area (2011) | DE Started |
| 50238010018494 | 2012 | 18 | 517 | സീമന്തിനി | Plinth Area | DE Started |

| | | | | | | |
|---|---|---|---|---|---|---|
| | | | | | (2011) | |
| 50238010019156 | 2012 | 13 | 804 A | സുധാകരൻ | ARV | DE Ongoing |
| 50238010013539 | 2012 | 2 | 215 | ജലാലുദ്ദീൻ | ARV | DE Ongoing |

അപാകം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 38/21.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകം പരിഹരിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-11-7 സഞ്ചയയിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടില്ല.

01.04.2013 വസ്തു നികുതി പരിഷ്കരണത്തെ തുടർന്നുള്ള ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 57 കെട്ടിടങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| Sl No | Ward Name | No. Of Buildings | Purification Completed Count | | | | | | Purification Pending Count |
|---|---|---|---|---|---|---|---|---|---|
| | | | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | |
| 1 | ( 1 ) Kizhakanela | 862 | 0 | 862 | 0 | 862 | 0 | 862 | 0 |
| 2 | ( 2 ) Palavakode | 763 | 2 | 761 | 0 | 761 | 0 | 761 | 2 |
| 3 | ( 3 ) Edamonnila | 646 | 1 | 645 | 0 | 645 | 0 | 645 | 1 |
| 4 | ( 4 ) Maruthikunnu | 874 | 1 | 873 | 0 | 873 | 0 | 873 | 1 |
| 5 | ( 5 ) Mukkada | 751 | 3 | 748 | 0 | 748 | 0 | 748 | 3 |
| 6 | ( 6 ) Trikovilvattom | 802 | 0 | 802 | 0 | 802 | 0 | 802 | 0 |
| 7 | ( 7 ) Velloorkonam | 623 | 0 | 623 | 0 | 623 | 0 | 623 | 0 |
| 8 | ( 8 ) Kappamvila | 848 | 0 | 848 | 0 | 848 | 0 | 848 | 0 |
| 9 | ( 9 ) Kudavoor | 677 | 0 | 677 | 0 | 677 | 0 | 677 | 0 |
| 10 | ( 10 ) Kotarakonam | 499 | 0 | 499 | 0 | 499 | 0 | 499 | 0 |
| 11 | ( 11 ) Decentmukku | 837 | 1 | 836 | 0 | 836 | 0 | 836 | 1 |
| 12 | ( 12 ) Kallambalam | 1148 | 0 | 1148 | 0 | 1148 | 0 | 1148 | 0 |
| 13 | ( 13 ) Navaikulam | 987 | 2 | 985 | 0 | 985 | 0 | 985 | 2 |
| 14 | ( 14 ) Menaparra | 883 | 0 | 883 | 0 | 883 | 0 | 883 | 0 |
| 15 | ( 15 ) Chittayicode | 684 | 4 | 680 | 0 | 680 | 0 | 680 | 4 |
| 16 | ( 16 ) Parakunnu | 592 | 0 | 592 | 0 | 592 | 0 | 592 | 0 |
| 17 | ( 17 ) ThazheVettiyara | 746 | 7 | 739 | 0 | 739 | 0 | 739 | 7 |
| 18 | ( 18 ) Chavarcode | 674 | 15 | 659 | 0 | 659 | 0 | 659 | 15 |
| 19 | ( 19 ) 28 Mile | 723 | 18 | 705 | 0 | 705 | 0 | 705 | 18 |
| 20 | ( 20 ) Paivelikonam | 642 | 0 | 642 | 0 | 642 | 0 | 642 | 0 |
| 21 | ( 21 ) Vettiyara | 743 | 3 | 740 | 0 | 740 | 0 | 740 | 3 |
| 22 | ( 22 ) Kadambattukonam | 645 | 0 | 645 | 0 | 645 | 0 | 645 | 0 |
| | Total | 16649 | 57 | 16592 | 0 | 16592 | 0 | 16592 | 57 |

അപാകം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 71/24.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിലും ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാകാതെ തുടരുന്നതിനാൽ 2023-24 സാമ്പത്തിക വർഷം മുതലുള്ള വസ്തു നികുതി പരിഷ്കരണത്തിലും പ്രസ്തുത അപാകം പ്രതിഫലിക്കുന്നതാണ്. ആയതിനാൽ അപാകം അടിയന്തിരമായി പരിഹരിച്ച് കെട്ടിടങ്ങൾക്ക് പുതുക്കിയ വസ്തു നികുതി ചുമത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11-8 അനധികൃത കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 235(എ എ) (1)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 203-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതിവരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നല്കുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിലെ അനധികൃത കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃത വസ്തു നികുതി ഈടാക്കുന്നില്ലായെന്ന് കാണുന്നു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ്/കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | വസ്തു നികുതി നിലവിൽ വന്ന വർഷം | നികുതി അവസാനമായി ഒടുക്കിയ കാലയളവ് | കുടിശ്ശിക |
|---|---|---|---|---|
| 2/239C * | സുഷിൻ.എസ് | 2016-17 ഒന്നാം അർദ്ധവർഷം | 2018 ഒന്നാം അർദ്ധവർഷം | 9772 |
| 5/3/UA | ഉഷ | 2018-19 ഒന്നാം അർദ്ധവർഷം | 2020 ഒന്നാം അർദ്ധവർഷം | 806 |
| 5/4/UA | ഓമന | 2019-20 ഒന്നാം അർദ്ധവർഷം | 2021 ഒന്നാം അർദ്ധവർഷം | 2389 |
| 5/570/ A* | രവി.എസ് | 2017-18 രണ്ടാം അർദ്ധവർഷം | 2017 രണ്ടാം അർദ്ധവർഷം | 3452 |
| 5/665/A* | ജറോൺ | 2016-17 ഒന്നാം അർദ്ധവർഷം | 2016 ഒന്നാം അർദ്ധവർഷം | 2238 |
| 19/267 A* | സത്യഭാമ | 2016-17 രണ്ടാം അർദ്ധവർഷം | 2016 രണ്ടാം അർദ്ധവർഷം | 6591 |

അപാകം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (75/24.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത കെട്ടിടങ്ങൾക്ക് ചുമത്തിയിട്ടുള്ള നിയമാനുസൃത വസ്തു നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

* കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235.എഎ(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേകം നമ്പർ നൽകേണ്ടതാണ്.കൂടാതെ 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് സാധാരണ കെട്ടിട നമ്പർ നൽകുന്ന രീതിയിൽ ആയിരിക്കുവാൻ പാടുള്ളതല്ല. പ്രസ്തുത കെട്ടിടത്തിന് അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണ് എന്ന് സൂചിപ്പിക്കുന്ന 'U/A' എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള പ്രസ്തുത കെട്ടിടങ്ങൾക്ക് ചട്ടപ്രകാരമുള്ള U/A നമ്പർ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11-9 വസ്തു നികുതി നിർണയത്തിലെ അപാകം.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 60/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടത്തെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി

അടിസ്ഥാനവസ്തു നികുതി 45/- രൂപ നിരക്കിൽ വസ്തു നികുതി നിർണയിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|
| 12/93/A | നൗഷാദ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 160 M2 |

| | സഞ്ചയയിലെ നികുതി നിർണയം | യഥാർത്ഥ നികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക്( ച .മീ) രൂപ | 45 | 60 |
| അടിസ്ഥാന വസ്തു നികുതി രൂപ | 7200 | 9600 |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവുകൾ | ഇല്ല | ഇല്ല |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവുകൾ | | |
| (എ). വഴി സൗകര്യം | 1440രൂപ | 1920 |
| (ബി). തറ നിർമ്മിതി | ഇല്ല | ഇല്ല |
| (സി). എയർ കണ്ടീഷനിംഗ് | ഇല്ല | ഇല്ല |
| (ഡി). ആകെ വർദ്ധനവ് | 20% | 20% |
| (ഇ). ആകെ വർദ്ധനവ് | 1440രൂപ | 1920 |
| | വാർഷിക തുക | വാർഷിക തുക |
| വസ്തു നികുതി (തുക) | 9072 | 11520 |
| ലൈബ്രറി സെസ്സ് (തുക) | 454 | 576 |
| സർവ്വീസ് ചാർജ്ജ് (തുക) | 0.00 | 0.00 |
| സർചാർജ്ജ് 1 (തുക) | 0.00 | 0.00 |
| സർചാർജ്ജ് 2 (തുക) | 0.00 | 0.00 |
| ആകെ (തുക) | 9526 | 12096 |

അപാകം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 13/19.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകം പരിഹരിച്ച് നികുതി പുനർ നിർണയിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-11-10 നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം -സൈറ്റ് പ്ലാനും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

പെർമിറ്റ് ഫയലുകളുടെ പരിശോധനയിൽ പുതുതായി നിർമ്മിക്കേണ്ട കെട്ടിടങ്ങളുടെ Proposed Plan-ൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന " Exististing Building"- ന്റെ വിസ്തീർണം സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണവുമായി പൊരുത്തപ്പെടാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

എ)

| | |
|---|---|
| ഫയൽ നമ്പർ | A3-8387/17.11.2022 |
| കെട്ടിട ഉടമ | ശ്രീ. അബ്ദുൾ വഹാബ് |
| പെർമിറ്റ് നമ്പർ | A2-BA(394464)/2022 തീയതി 13.12.2022 |
| ഉപയോഗക്രമം | വാണിജ്യാവശ്യം |

വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് പെർമിറ്റ് ലഭിക്കുന്നതിനായാണ് മേൽ അപേക്ഷ ലഭ്യമാക്കിയത്. കെട്ടിടത്തിന്റെ Proposed Plan-ൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന IV/414 നമ്പർ കെട്ടിടത്തിന്റെ വിസ്തീർണം 156 ച.മീറ്റർ ആണ്. എന്നാൽ, സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പ്രസ്തുത കെട്ടിടത്തിന് 121 ച.മീ വിസ്തീർണം മാത്രമാണുള്ളത്.

ബി)

| | |
|---|---|
| ഫയൽ നമ്പർ | A3- 9640/22 തീയതി 05.12.2022 |
| കെട്ടിട ഉടമ | സന്തോഷ് കുമാർ |
| പെർമിറ്റ് നമ്പർ | A2-BA(403558)/2022 തീയതി 07.12.2022 |
| ഉപയോഗക്രമം | വാണിജ്യാവശ്യം |

വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് പെർമിറ്റ് ലഭിക്കുന്നതിനായാണ് മേൽ അപേക്ഷ ലഭ്യമാക്കിയത്. കെട്ടിടത്തിന്റെ Proposed Plan-ൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന 19/137 കെട്ടിടത്തിന്റെ വിസ്തീർണ്ണം 100 $M^{2,}$ 19/ 137A, 19/137B കെട്ടിടങ്ങളുടെ വിസ്തീർണ്ണം 42.48 $M^2$ ആണ്. എന്നാൽ, സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 19/137 കെട്ടിടത്തിന്റെ വിസ്തീർണം 40 ച.മീറ്റർ, 19/137 A കെട്ടിടത്തിന്റെ വിസ്തീർണം 19.23 ച.മീ, 19/137 B കെട്ടിടത്തിന്റെ വിസ്തീർണം 19.23 $M^2$ (ആകെ 38.46 $M^{2)}$ മാത്രമാണുള്ളത്.

സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി നടത്തിയതിലെ അപാകതയാണെന്നും 22.03.2023 -ലെ സ.ഉ(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഫീൽഡ് വെരിഫിക്കേഷൻ നടത്തി അപാകങ്ങൾ പരിഹരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 58/23.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണം കൃത്യമായി കണക്കാക്കി വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11-11 ഒരേ കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് വ്യത്യസ്ത മേഖല നിർണയം - വസ്തു നികുതിയിൽ കുറവ്.

| | |
|---|---|
| ഫയൽ നമ്പർ | A3-9398/2022 |
| കെട്ടിട ഉടമ | ശ്രീ.രതീഷ് കുമാർ |
| കെട്ടിട നമ്പർ | 19/151 B,C,D,E,F |
| ഉപയോഗക്രമം | വാണിജ്യാവശ്യം, പാർപ്പിടാവശ്യം |
| വിസ്തീർണം | 19/151 B-23.32 $M^2$(വാണിജ്യാവശ്യം)<br>19/151 C–23.16$m^2$(വാണിജ്യാവശ്യം)<br>19/151 D- 8.18 $M^2$ (വാണിജ്യാവശ്യം)<br>19/151E–26.36 $M^2$ (വാണിജ്യാവശ്യം)<br>19/151F – 82.83 $M^2$ (പാർപ്പിടാവശ്യം) |

വാണിജ്യാവശ്യങ്ങൾക്കായി നമ്പർ അനുവദിച്ചിട്ടുള്ള 19/151 B, 19/151 C, 19/151 D, 19/151 E വാണിജ്യ കെട്ടിടങ്ങൾ കല്ലമ്പലം - കടമ്പാട്ടുകോണം എൻ.എച്ച് റോഡിന് സമീപത്ത് സ്ഥിതി ചെയ്യുന്നതിനാൽ പ്രഥമ മേഖലയിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണയിച്ചിട്ടുള്ളത്. എന്നാൽ അതേ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ പാർപ്പിടാവശ്യത്തിനായുള്ള 19/151 F കെട്ടിടത്തിനെ ത്രിതീയ മേഖലയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) | 5 | രൂപ |

| | | |
|---|---|---|
| അടിസ്ഥാന വസ്തു നികുതി | 414.15 | രൂപ |
| നികുതി നിലവിൽ വന്ന അർദ്ധ വർഷം | 2023 ഒന്നാം അർദ്ധ വർഷം | |

അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള ഇളവുകൾ

| | | |
|---|---|---|
| (എ). മേഖല | 82.83 | രൂപ |
| (ബി). വഴി സൗകര്യം | 0 | രൂപ |
| (സി). മേൽക്കൂര | 0 | രൂപ |
| (ഡി). കാലപ്പഴക്കം | 0 | രൂപ |
| (ഇ). ആകെ ഇളവ് | 20 | % |
| (എഫ്). ആകെ ഇളവ് | 82.83 | രൂപ |
| ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് | 0 | രൂപ |

അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള വർദ്ധനവുകൾ

| | | |
|---|---|---|
| (എ). വഴി സൗകര്യം | 82.83 | രൂപ |
| (ബി). തറ നിർമ്മിതി | 0 | രൂപ |
| (സി). എയർ കണ്ടീഷനിംഗ് | 0 | രൂപ |
| (ഡി). ആകെ വർദ്ധനവ് | 20 | % |
| (ഇ). ആകെ വർദ്ധനവ് | 82.83 | രൂപ |

പ്രസ്തുത കെട്ടിടത്തിനെ ത്രിതീയ മേഖലയിൽ ഉൾപ്പെടുത്തി 20% ( 82.83 രൂപ) ഇളവ് നൽകിയും വഴി സൗകര്യം പരിഗണിച്ച് 20% (82.83 രൂപ) വർദ്ധനവ് വരുത്തിയതായും കാണുന്നു. ആയതിനാൽ പ്രസ്തുത കെട്ടിടത്തിന് അടിസ്ഥാന വസ്തു നികുതിയിന്മേൽ വർദ്ധനവോ ഇളവോ നൽകിയിട്ടില്ല. കല്ലമ്പലം - കടമ്പാട്ടുകോണം എൻ.എച്ച് റോഡിന് സമീപത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തുത കെട്ടിടത്തിന്റെ വഴി സൗകര്യം പരിഗണിച്ച് അടിസ്ഥാന വസ്തുനികുതിയിന്മേൽ നികുതി വർദ്ധനവ് വരുത്താത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 63/ 23.08.2023) ഫോറം 6 തയ്യാറാക്കിയപ്പോൾ സംഭവിച്ച അപാകതയാണെന്നും ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി അപാകം പരിഹരിക്കുന്നതാണെന്നും അധിക നികുതി ഈടാക്കേണ്ടതുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തു നികുതി പുനർനിർണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11-12 വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നില്ല.

വാർഷിക ധനകാര്യപത്രിക പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വസ്തു നികുതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Receivables For Property Tax Residential Buildings (Current) | 282870 |
| Receivables For Property Tax Residential Buildings (Arrears) | 299616 |
| Receivables For Property Tax Non - Residential Buildings (Current) | 124033 |
| Receivables For Property Tax Non - Residential Buildings (Arrears) | 592472 |

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 08/11/2022 ലെ 2(1) നമ്പർ തീരുമാന പ്രകാരം എല്ലാ വാർഡുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുക്കുന്നതിനും ഏറ്റവും കൂടുതൽ കുടിശ്ശികയുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നതിനായി പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു. തുടർന്നും തൻവർഷത്തെയും കുടിശ്ശികയായിട്ടുള്ളതുമായ വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 73/24.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ, വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി - സമ്പൂർണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലായെന്നും ആയത് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം വാർഡ്തല സ്ക്വാഡുകൾക്ക് നൽകിയിട്ടുള്ളതായും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 17/19.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി അടവാക്കാൻ ബാധ്യതയുള്ള മുഴുവൻ വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. പ്രസ്തുത വിഷയത്തിലേയ്ക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 തൊഴിൽ നികുതി -അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം / വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് അടിസ്ഥാനപ്പെടുത്തി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കിയിട്ടിയില്ലായെന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1)ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | പി.റ്റി.ആർ ഐസ് പ്ലാന്റ് | രണ്ടാം അർദ്ധവർഷം |
| 2 | നാവായിക്കുളം ക്ഷീരോൽപാദക സഹകരണ സംഘം | രണ്ടാം അർദ്ധവർഷം |
| 3 | രാജകുമാരി ജൂവലേഴ്സ് | രണ്ടാം അർദ്ധവർഷം |
| 4 | കെ.റ്റി.ഡി.സി റെസ്റ്റോറന്റ് ആന്റ് ബിയർ പാർലർ | ഒന്നാം അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തൊഴിൽ നികുതി അടവാക്കുന്നതിനുള്ള നോട്ടീസ് അടിയന്തിരമായി നൽകി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

2) ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | പി.റ്റി.ആർ ഐസ് പ്ലാന്റ് | ഒന്നും, രണ്ടും അർദ്ധവർഷങ്ങൾ |
| 2 | ഹോട്ടൽ ഡബ്ല്യൂൺ | ഒന്നും, രണ്ടും അർദ്ധവർഷങ്ങൾ |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ്, കല്ലമ്പലം | രണ്ടാം അർദ്ധവർഷം |

| | | |
|---|---|---|
| 4 | മാവേലി സ്റ്റോർ, നാവായിക്കുളം | ഒന്നാം അർദ്ധവർഷം |
| 5 | മാവേലി സ്റ്റോർ, കപ്പാംവിള | ഒന്നാം അർദ്ധവർഷം |
| 6 | നാവായിക്കുളം ക്ഷീരോൽപാദക സഹകരണസംഘം | രണ്ടാം അർദ്ധവർഷം |
| 7 | രാജകുമാരി ഗോൾഡ് സൂക്ക്, കല്ലമ്പലം | ഒന്നും, രണ്ടും അർദ്ധവർഷങ്ങൾ |
| 8 | രാജകുമാരി ജ്വവലേഴ്സ് | ഒന്നും, രണ്ടും അർദ്ധവർഷങ്ങൾ |
| 9 | രാജകുമാരി ആൾമാർട്ട് | ഒന്നും, രണ്ടും അർദ്ധവർഷങ്ങൾ |
| 10 | രാജകുമാരി വെഡ്ഡിംഗ് സെന്റർ | ഒന്നും, രണ്ടും അർദ്ധവർഷങ്ങൾ |
| 11 | റുമീസ ഫ്യുവൽസ്, നാവായിക്കുളം | ഒന്നും, രണ്ടും അർദ്ധവർഷങ്ങൾ |
| 12 | ജാഗി ഗോൾഡ് ഇൻഡസ്ട്രീസ് | രണ്ടാം അർദ്ധവർഷം |
| 13 | കല്യാൺ ജ്വവലേഴ്സ് ഇന്ത്യ ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം |
| 14 | സൗത്ത് ഇൻഡ്യൻ ബാങ്ക്, കല്ലമ്പലം | ഒന്നാം അർദ്ധവർഷം |
| 15 | കെ.റ്റി.ഡി.സി റെസ്റ്റോറന്റ് ആന്റ് ബിയർ പാർലർ | ഒന്നാം അർദ്ധവർഷം |
| 16 | ഹോട്ടൽ അസ്‌ലിയ ഗ്രാൻഡ് | ഒന്നും, രണ്ടും അർദ്ധവർഷങ്ങൾ |
| 17 | നാവായിക്കുളം ഫാർമേഴ്സ് വെൽഫെയർ കോ- ഓപ്പറേറ്റീവ് സൊസൈറ്റി | ഒന്നും, രണ്ടും അർദ്ധവർഷങ്ങൾ |
| 18 | റഹ്മാസ് ഇന്ത്യൻ ഗ്യാസ് ഏജൻസീസ് | ഒന്നും, രണ്ടും അർദ്ധവർഷങ്ങൾ |

ക്രമ നമ്പർ 8, ക്രമ നമ്പർ 17 സ്ഥാപനങ്ങൾക്ക് അടിയന്തിരമായി നോട്ടീസ് നൽകി സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും മറ്റ് സ്ഥാപനങ്ങൾ ലൈസൻ ഫീസിനൊപ്പം സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുള്ളതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് ഫീസിനൊപ്പം സ്ഥാപന തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നതോടൊപ്പം ക്രമ നമ്പർ 8, 17 സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3) സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല.

എ) മുത്തൂറ്റ് ഫിൻകോർപ്പ്, കുളമട

ബി) യു.എ.ഇ എക്സ്ചേഞ്ച്, കല്ലമ്പലം

സി) കെ.എസ്.ഇ.ബി, കല്ലമ്പലം

ഡി) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്, കല്ലമ്പലം

മേൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

( അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 18/19.08.2023 ന്റെ മറുപടി)

## 1-14 റേഷൻകടകൾ ലൈസൻസില്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും 2022-23 വർഷത്തേയ്ക്ക് 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ചുനൽകേണ്ടതും, റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. 2022-23 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിലെ റേഷൻകടകൾ ഒന്നും തന്നെ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ലായെന്നും 2023-24 സാമ്പത്തിക വർഷം അപാകം പരിഹരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 15/19.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ മുഴുവൻ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 285440 രൂപ നഷ്ടമായി.

സ.ഉ(കൈ)നം. 179/2022/ധന തീയതി 18/10/2022 ഉത്തരവ് പ്രകാരം ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. പ്രാദേശിക സർക്കാരുകൾക്ക് 2022-23 സാമ്പത്തിക വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു സ.ഉ. (സാധാ) നം. 1049/2023/ ധന തീയതി 13-02-2023 പ്രകാരം ലഭ്യമാക്കിയതിൽ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും 2,85,440/- രൂപ മേൽ ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷവും പഞ്ചാത്തിന്റെ തനത് വരുമാനം പൂർണമായും പിരിച്ചെടുത്തിട്ടില്ല. തനത് വരുമാനം പിരിച്ചെടുക്കുന്നതിലെ കുറവ് വികസന ഫണ്ടിന്റെ ലഭ്യതയെ ബാധിക്കുമെന്നതിനാൽ തനത് വരുമാനം പൂർണമായും പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്. നികുതി – നികുതിയേതര വരുമാനം ഡിമാന്റ് ചെയ്യുന്നതിനും പിരിച്ചെടുക്കുന്നതിനും, വരുമാന വർധനവിന് ക്രിയാത്മകമായ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രതീക്ഷിത വരവും യഥാർത്ഥ വരുമാനവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സജീവ ഇടപെടൽ നടത്തേണ്ടതാണ്.

## 1-16 നികുതി / നികുതിയേതര വരവുകൾ - അവലോകനം

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. ഏറ്റവും വലിയ നികുതി വരുമാനമായ വസ്തുനികുതി നിയമാനുസൃത ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നു(കേരള പഞ്ചായത്ത് രാജ് നിയമം 203). രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി, ജീവനക്കാർ, വ്യാപാരം, വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നീ ഇനങ്ങളിലായി നിയമപ്രകാരം ഈടാക്കാം(കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-204). സിനിമ ഉൾപ്പെടെയുള്ള വിനോദപരിപാടികളുടെ ടിക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി, വിനോദം നൽകുന്ന സ്ഥാപനം നൽകുന്ന ജി.എസ്.ടി റിട്ടേണുകളെ ആസ്പദമാക്കിയാണ് വിനോദ നികുതി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുന്നത്.

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവയിലെ ഡിമാൻഡുകൾ പൂർണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണമല്ലാത്തത് നികുതി ചോർച്ചയ്ക്ക് ഇടയാക്കുന്നു. നികുതി നികുതിയേതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

### 1) പുതിയ തനത് വരുമാനമേഖലകൾ:

പുതിയ തനത് വരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന് സ്വന്തമായി സ്ഥലമുള്ള ഭാഗം വാണിജ്യപരമായി പ്രാധാന്യമുള്ളതെങ്കിൽ, അവിടങ്ങളിൽ കടമുറികൾ നിർമ്മിച്ച് തനത് വാടകവരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. എന്നാൽ, ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ സമിതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വാണിജ്യപരമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങളോ സ്ഥലങ്ങളോ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പരിശോധന വിധേയമാക്കേണ്ടതാണ്.

### 2)തനത് വരുമാനങ്ങൾ നിശ്ചിതസമയത്തിനുള്ളിൽ പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ് .

വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി, പരസ്യ നികുതി, വാടക, മാർക്കറ്റ് ഫീസ് എന്നിവയിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. തൊഴിൽ നികുതി ഡിമാൻഡിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്താത്ത് കാരണം കുടിശ്ശിക ഉണ്ടായിട്ടും കുടിശ്ശിക സംബന്ധിക്കുന്ന വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടാത്ത സാഹചര്യമുണ്ട്.

നികുതി/നികുതിയേതര വരവിനങ്ങളുടെ അവലോകന യോഗങ്ങൾ കൂടി, പിരിവ് പുരോഗതി, നികുതി വർദ്ധനവ് എന്നിവ

ചർച്ച ചെയ്യേണ്ടതാണ്.

3) പ്രൊഫഷണലുകളിൽ നിന്നുള്ള തൊഴിൽ നികുതി വരുമാനം ഡിമാൻഡ് ചെയ്യുന്നില്ല

നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയവിഭാഗം തൊഴിൽ നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെടുന്നുണ്ട്. മതിയായ വിവര അടിത്തറയുടെ അഭാവമാണ് പ്രധാനകാരണം. 2022-23 വാർഷികകണക്കുകളെ അടിസ്ഥാനപ്പെടുത്തിയാൽ ഈ ഇനത്തിൽ ഒരാളിൽ നിന്നുപോലും ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്നത് വ്യക്തമാണ്.

4) തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ് വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ് :

തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളിതുവരെയും ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവര അടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് IKM മുഖാന്തിരം സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്.

5) മുൻ വസ്തുനികുതി പരിഷ്കരണ ത്തിൽ അപാകങ്ങൾ നിലനിൽക്കെ വീണ്ടും നികുതി പരിഷ്കരിക്കുമ്പോൾ അപാകങ്ങൾ ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

2013നികുതി പരിഷ്കരണത്തിലെ നിരവധി പിഴവുകൾ തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. പ്രസ്തുത വസ്തു നികുതി പരിഷ്കരണത്തിന്റെ ഡാറ്റാ എൻട്രി നിലവിലും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. കെട്ടിടങ്ങളുടെ ഉപയോഗക്രമം കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി, മേഖല ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ, മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സാഹചര്യം വസ്തുനികുതി നിർണയത്തിലെ അപാകത്തിന് ഇടയാക്കുന്നതാണ് .

6)സേവന ഉപനികുതി സാധ്യതകൾ തനത് വരുമാന വർദ്ധനവിനായി പരിഗണിക്കാവുന്നതാണ്:

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നിവയുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ വസ്തുനികുതിയിൻമേൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ നിലവിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

| ക്രമ നമ്പർ | സേവനം | വസ്തുനികുതിയിൻമേൽ ചുമത്താവുന്ന പരമാവധി സേവന ഉപനികുതി |
|---|---|---|
| 1 | ശുചിത്വ പരിപാലനം | 4% |
| 2 | ജല വിതരണം | 3% |
| 3 | തെരുവു വിളക്കുകൾ | 2% |
| 4 | ഡ്രൈനേജ് | 1% |

വസ്തു നികുതി നിർണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് രണ്ട് അർദ്ധ വർഷ ഗഡുക്കളായി വസ്തു നികുതിയോടൊപ്പം പിരിക്കാവുന്നതാണ്. സേവനം നൽകുന്ന മേഖലയിൽ ഗ്രാമപഞ്ചായത്തിന് നിശ്ചിത നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇനത്തിനും നിശ്ചയിക്കാവുന്നതാണ്. സേവനം

നൽകുന്ന മേഖലയിൽ ഗ്രാമപഞ്ചായത്തിന്, മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇനത്തിനും നിശ്ചയിക്കാവുന്നതാണ്.

ഓഡിറ്റിന്റെ ശുപാർശകൾ:

1)തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

2) നികുതി/നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3)അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.

4) പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി തൊഴിൽ നികുതി കൃത്യമായി ഡിമാൻഡ് ചെയ്യേണ്ടതാണ്.

5)തൊഴിൽ നികുതി ഡിമാൻഡും പിരിവും സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നതിന് IKMനോട് ആവശ്യപ്പെടാവുന്നതാണ്.

6)വസ്തുനികുതി നിർണയത്തിന്റെയും പരിഷ്കരണത്തിന്റെയും ഡേറ്റാപ്യൂരിഫിക്കേഷൻ ഫീൽഡ് തല റിപ്പോർട്ടിനൊപ്പം നടത്തേണ്ടതാണ്.

7) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താവുന്നതാണ്.

8) സാങ്കേതികമായ പ്രശ്നങ്ങൾ IKM ന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

9) സർക്കാർ നിർദ്ദേശപ്രകാരമുള്ള ഉപയോഗക്രമങ്ങൾക്ക് സമയബന്ധിതമായി നിരക്ക് നിശ്ചയിച്ച് വസ്തുനികുതി പരിഷ്കരണം സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

10) സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

## 1-17 മാർക്കറ്റ് ലേലം - അപാകതകൾ

2022-2023 സാമ്പത്തിക വർഷത്തെ മാർക്കറ്റ് ലേല നടപടികൾ സംബന്ധിച്ച ചുവടെ ചേർത്തിരിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 22/19-08-2023)

1)മാർക്കറ്റ് ലേല രജിസ്റ്റർ പരിശോധിച്ചതിൽ 26-02-2022 ൽ നടന്ന മാട്ടിറച്ചി വ്യാപാരം (സ്റ്റാൾ നമ്പർ-6, കപ്പാംവിള) ശ്രീ. വഹാബ് എന്ന വ്യക്തി 23,000 രൂപയ്ക്കാണ് ലേലം കൊണ്ടിട്ടുള്ളത്. ടി ലേലത്തുകയുടെ ഒന്നാം ഗഡുവായി 11,047 രൂപ(9,667+1,380 GST) (രസീത് നമ്പർ 1210103642, 1210103643) മാത്രമാണ് പഞ്ചായത്തിൽ ഒടുക്കിയത്. ബാക്കി ഒടുക്കേണ്ട 13, 333 രൂപയും, GST 2,400 രൂപയും ഉൾപ്പടെ 15,733 രൂപ ഒടുക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുക അടവാക്കുന്നതിനായി 15-03-2022 തീയതിയിൽ എ7/901/22 നമ്പർ കത്ത് ടിയാന് നൽകിയിരുന്നു.

2022 ഓഗസ്റ്റ് മാസം മുതൽ സ്റ്റാൾ നമ്പർ-6, കപ്പാംവിള സ്റ്റാൾ പ്രവർത്തന ക്ഷമമല്ലായിരുന്നുവെന്നും ബാക്കി തുക ഒടുക്കുവാനായി കത്തുകൾ നൽകിയിരുതായും അറിയിച്ചിട്ടുണ്ട്. സ്റ്റാൾ പുനരാരംഭിക്കുന്ന മുറയ്ക്ക് ടി തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2)രജിസ്റ്റർ പ്രകാരം തൻ വർഷം മാർക്കറ്റ് റസിപ്റ്റ് ഇനത്തിൽ അടവാക്കാൻ അവശേഷിക്കുന്ന തുക 15,733 രൂപയാണ് എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം പ്രസ്തുത ഇനത്തിൽ 37,682 രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത് കൂടാതെ വാർഷിക ധനകാര്യ പത്രിക ബി - 15 ഷെഡ്യൂൾ പ്രകാരം 5,15,234 രൂപ മുൻവർഷങ്ങളിലെ കുടിശ്ശിക പിരിച്ചെടുക്കാതെ അവശേഷിക്കുന്നു.
2022-23 സാമ്പത്തിക വർഷത്തിലെ ലേല രജിസ്റ്റർ പ്രകാരം 15,733 രൂപ മാത്രമാണ് അടവാക്കുവാൻ അവശേഷിക്കുന്നതെന്നും വാർഷിക ധനകാര്യ പത്രികയിൽ വന്ന പിഴവാണ് തുക വ്യത്യാസത്തിന് കാരണമെന്നും അറിയിച്ചിട്ടുണ്ട്. 2018-19 വർഷത്തെ ലേല കുടിശ്ശികയായ 3,86,450 രൂപ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

3)പഞ്ചായത്തിലെ പൊതു മാർക്കറ്റിൽ 2022-23 സാമ്പത്തിക വർഷത്തെ മാർക്കറ്റുമായി ബന്ധപ്പെട്ട് പഞ്ചായത്ത് നിജപ്പെടുത്തിയ ഫീസിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നമ്പർ 76/24-08-2023 പ്രകാരം അറിയിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല.
വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ലേല കുടിശ്ശിക 5,15,234 രൂപ പിരിച്ചെടുക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടിശിക തുക പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders' List) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന വ്യാപാര സ്ഥാപനങ്ങളുടെ 2022-23 സാമ്പത്തിക വർഷത്തെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഓരോ വാർഡിലും എത്ര വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കിയിട്ടുണ്ടോയെന്നും കൃത്യമായി അറിയുവാൻ സാധിക്കുന്നില്ല. വ്യാപാര

സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് കൃത്യമായി നൽകുന്നതിനും നികുതി വരുമാനം ഉറപ്പുവരുത്തുന്നതിനും കഴിയുകയില്ല. കൂടാതെ നികുതി പിരിവ് പൂർണ്ണമായും കാര്യക്ഷമമായും നടത്തുവാനും കഴിയാതെ വരുന്നു. ഇത് തനതു ഫണ്ടിന്റെ ശോഷണത്തിന് കാരണമായിത്തീരുന്നു.

വാർഡടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ ലിസ്റ്റ് ഓരോ സാമ്പത്തിക അർദ്ധവർഷവും കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടത് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ കർത്തവ്യമാണ്.

## 1-19 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 266, 1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2) പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3) പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. 2022-23 സാമ്പത്തിക വർഷത്തിൽ കേരള ഗുരുകുലം എന്ന ട്യൂട്ടോറിയൽ സ്ഥാപനം മാത്രമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. മുൻവർഷങ്ങളിൽ NIDC, വിശ്വഭാരതി, ടാലന്റ്, ദി ഇംഗ്ലീഷ് അക്കാഡമി എന്നീ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായും കാണുന്നു. ടി വിഷയത്തിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 46/22.08.2023ന്റെ മറുപടി).

രജിസ്ട്രേഷനില്ലാതെ ചട്ടവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ജാഗ്രതക്കുറവിനെയാണ് സൂചിപ്പിക്കുന്നത്. ഇത്തരത്തിലുള്ള ചട്ട ലംഘനം റിപ്പോർട്ട് ചെയ്യുന്നതിനും തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിലെ അപാകം.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരളാ കേരളാ പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്തുവാൻ പാടില്ല.സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമ പഞ്ചായത്തു പരിധിയിൽ വളർത്തു നായകളുടെ കൃത്യമായ വിവരം ലഭ്യമല്ല എന്നും 29 വളർത്തു നായകൾക്ക് ലൈസൻസ് ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ലൈസൻസ് രജിസ്റ്റർ പ്രകാരം 297 വളർത്തു വളർത്തുനായകൾക്കാണ് 2022-23വർഷത്തേക്ക് ലൈസൻസ് നൽകിയിട്ടുള്ളത്. കൂടാതെ, മൃഗസംരക്ഷണ വകുപ്പിന്റെ ക്യാറ്റിൽ സെൻസസ് പ്രകാരമുള്ള വളർത്തുനായയുടെ കൃത്യമായ വിവരം സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുമില്ല.
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നമ്പർ 36/21.08.2023) ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് നൽകുന്നതിനും വളർത്തുനായകളുടെ കൃത്യമായ വിവരം സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം വെറ്റിനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 പകൽ വീടിന് ഭൗതിക സാഹചര്യം ഒരുക്കൽ - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0178/23 |
| പ്രോജക്ടിന്റെ പേര് | പകൽ വീടിന് ഭൗതിക സാഹചര്യം ഒരുക്കൽ |
| അടങ്കൽ | 100000/- വികസന ഫണ്ട് പൊതു വിഭാഗം |
| ചെലവ് | 72190/- |
| ബിൽ നമ്പർ | 578/28.03.2023 തുക 72190/- |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |

പകൽ വീടിന് ഭൗതിക സാഹചര്യം ഒരുക്കുന്നതിന് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങി നൽകുന്നതിനു വേണ്ടിയാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. പകൽ വീടിനായുള്ള കെട്ടിടം നാവായിക്കുളം ആയുർവേദ ഡിസ്പെൻസറിയോട് ചേർന്നുള്ള 20 സെന്റ് സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. പകൽവീട് കെട്ടിടം നമ്പർ ഇടുകയോ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ലായെന്ന് നിർവഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നാവായിക്കുളം ആയുർവേദ ഡിസ്പെൻസറിയെ 2022-23 വർഷം ഹെൽത്ത് ആന്റ് വെൽനെസ് സെന്ററായി അപ്ഗ്രേഡ്

ചെയ്തതായും ആയുർവേദ ഡിസ്പെൻസറിയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി പ്രസ്തുത സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പകൽവീട്, അങ്കണവാടി എന്നിവ ഒഴിവാക്കി ടി സ്ഥലം ഡിസ്പെൻസറിക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് ആയുർവേദ മെഡിക്കൽ ഓഫീസർ 03/02/2023 -ൽ സെക്രട്ടറിക്ക് കത്തും നൽകിയിട്ടുണ്ട്.

പകൽ വീടിനു വേണ്ടിയുള്ള കെട്ടിടത്തിൽ ആയത് ആരംഭിക്കുന്നതിനു വേണ്ടിയുള്ള സജ്ജീകരണം ഇല്ലായെന്ന് അസിസ്റ്റന്റ് സെക്രട്ടറി അഭിപ്രായപ്പെട്ടുവെങ്കിലും പകൽവീടിന് ഫർണിച്ചർ ആവശ്യമുള്ളതായി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അഭിപ്രായപ്പെട്ടതിനെ തുടർന്ന് പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണസമിതി തീരുമാനിക്കുകയും 22/02/2023 ലെ 12(1) തീരുമാന പ്രകാരം ടെണ്ടർ ക്ഷണിക്കുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ടെണ്ടർ നടപടികളിലൂടെ ആർട്ട്കോയിൽ നിന്നും രണ്ട് ടേബിൾ, അഞ്ച് കട്ടിൽ, പത്ത് കസേര, ഒരു അലമാര എന്നിവ വാങ്ങുകയും ബിൽ നമ്പർ 578/ 28.03.2013 പ്രകാരം 72190/- രൂപ ആർട്ട്കോയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ ഫർണിച്ചറുകൾ നാവായിക്കുളം ഗവ. എൽ.പി. സ്കൂളിൽ സൂക്ഷിക്കേണ്ടതാണെന്നും പഞ്ചായത്തിൽ നിന്നും ഔദ്യോഗികമായി അറിയിക്കുന്ന സമയത്ത് കൈമാറേണ്ടതുമാണെന്ന് അസി. സെക്രട്ടറി ഹെഡ്മാസ്റ്റർക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത കത്ത് പ്രകാരം രണ്ട് കട്ടിൽ, ഒരു അലമാര, ഒൻപത് കസേര, രണ്ട് മേശ എന്നിവയാണ് എൽ.പി സ്കൂളിൽ സൂക്ഷിച്ചിട്ടുള്ളത്. അവശേഷിക്കുന്ന മൂന്ന് കട്ടിൽ, ഒരു കസേര എന്നിവ പകൽ വീട് കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

പകൽ വീടിന്റെ പ്രവർത്തനം ഓഡിറ്റ് തീയതി വരെയും ആരംഭിച്ചിട്ടില്ല. പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടാത്തതിനാലും കെട്ടിട നമ്പർ അനുവദിച്ചിട്ടില്ലാത്തതിനാലും പദ്ധതി നിർവഹണത്തിന്റെ സാധുത സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥ ഭരണസമിതിയെ ബോധ്യപ്പെടുത്തിയിരുന്നു. പകൽവീടിന് ആവശ്യമായ ഫർണിച്ചറുകൾ വാങ്ങിയതിന് ശേഷം മാത്രമേ പകൽ വീട് ആരംഭിക്കുവാൻ സാധിക്കുകയുള്ളുവെന്ന് ഭരണസമിതി അഭിപ്രായപ്പെട്ടതിൽ നിർവഹണ ഉദ്യോഗസ്ഥ വിയോജനം രേഖപ്പെടുത്തിയിരുന്നുവെങ്കിലും ഭരണസമിതി പദ്ധതി നിർവഹണത്തിനായി അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയായിരുന്നു. ഇത്തരത്തിൽ വാങ്ങിയ ഫർണിച്ചറുകളിൽ രണ്ട് കട്ടിൽ, ഒരു അലമാര, ഒൻപത് കസേര, രണ്ട് മേശ എന്നിവ സ്ഥലപരിമിതി കാരണം നാവായിക്കുളം ഗവ. എൽ.പി.എസിലും, അവശേഷിക്കുന്ന മൂന്ന് കട്ടിൽ, ഒരു കസേര എന്നിവ പകൽ വീട് കെട്ടിടത്തിലും സൂക്ഷിച്ചിട്ടുള്ളതായി 24.08.2023 – ൽ നടന്ന സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. പകൽ വീട് കെട്ടിടത്തിന് സ്ഥലപരിമിതി ഉണ്ടെന്ന് ഭരണസമിതിക്ക് ബോധ്യമുണ്ടായിരുന്നിട്ടും ഇത്തരത്തിൽ ഫർണിച്ചറുകൾ വാങ്ങിയതിന്റെ ഔചിത്യം ഓഡിറ്റിന് വ്യക്തമായിട്ടില്ല.

നിലവിലുള്ള പകൽ വീട് കെട്ടിടത്തിന് സ്ഥലപരിമിതി ഉണ്ടെങ്കിൽ പുതിയ കെട്ടിടം കണ്ടെത്തി പകൽവീടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും , പകൽ വീടിനായി വാങ്ങിയ ഫർണിച്ചറുകൾ ഉപയോഗപ്പെടുത്തി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ആവശ്യകതാ നിർണയം നടത്തിയതിന് ശേഷം മാത്രം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

( അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ 45/22.08.2023 ന്റെ മറുപടി)

## 1-22 പാഥേയം പദ്ധതി ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും അതിദാരിദ്ര്യം മൈക്രോപ്ലാൻ പദ്ധതി ലിസ്റ്റിൽ ഉൾപ്പെട്ടവരെ ഒഴിവാക്കേണ്ടതാണ്.

| പ്രോജക്ട് നമ്പർ | S0168/23 | S0177/23 |
|---|---|---|
| പ്രോജക്ടിന്റെ പേര് | പാഥേയം പദ്ധതി (ജനറൽ) | പാഥേയം പദ്ധതി (എസ്.സി.പി) |
| അടങ്കൽ | 19440/- ( വികസന ഫണ്ട് ജനറൽ) | 19440/- ( വികസന ഫണ്ട് എസ്.സി.പി) |
| ചെലവ് | 19440/- | 19440/- |
| ബിൽ നമ്പർ | 314/18.01.2023 തുക 19440/- | 400/13.02.2023 തുക 19440/- |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി | |

ഭരണസമിതി അംഗീകരിച്ച പാഥേയം ജനറൽ പദ്ധതി ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി കരുണാവതി, കൊച്ചുമേലതിൽ വീട് ( വാർഡ് -16), പാഥേയം (എസ്.സി.പി) പദ്ധതി ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ.രാജൻ, പണയിൽ വീട്, ( വാർഡ് 22) എന്നീ വ്യക്തികൾ അതിദാരിദ്ര്യം മൈക്രോപ്ലാൻ പദ്ധതി - പാചകം ചെയ്ത ഭക്ഷണം നൽകൽ (പ്രോജക്ട് നമ്പർ S0237/22) എന്ന പ്രോജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റിലും ഉൾപ്പെട്ടിട്ടുണ്ട്. അപാകം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (66/23.08.2023), 2022-23 വർഷത്തെ പാഥേയം പദ്ധതി

ഗുണഭോക്താക്കളുടെ ലിസ്റ്റ് തൻവർഷം ആദ്യം തന്നെ അംഗീകരിച്ചിട്ടുണ്ടായിരുന്നുവെന്നും അതിന് ശേഷം തയ്യാറാക്കിയ അതിദാരിദ്ര്യ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിലും ഉൾപ്പെട്ട ശ്രീമതി കരുണാവതി, കൊച്ചുമേലതിൽ വീട് ( വാർഡ് -16), ശ്രീ.രാജൻ, പണയിൽ വീട് ( വാർഡ് 22) എന്നിവർക്ക് ടി പദ്ധതി പ്രകാരം മൂന്ന് നേരവും ഭക്ഷണം നൽകിയിരുന്നുവെന്നും പാഥേയം പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിരുന്നില്ലായെന്നും വിശദീകരിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പാഥേയം ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും പ്രസ്തുത ഗുണഭോക്താക്കളെ ഒഴിവാക്കിയതായും വിശദീകരിച്ചിട്ടുണ്ട്. പാഥേയം പദ്ധതി ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും അതിദാരിദ്ര്യം മൈക്രോപ്ലാൻ പദ്ധതി ലിസ്റ്റിൽ ഉൾപ്പെട്ടവരെ ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-23 പരിസ്ഥിതി സംരക്ഷണത്തിന് നടപടികൾ അനിവാര്യം

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 115/2022/തസ്വഭവ തീയതി 28.05.2022] ഖണ്ഡിക 7.8.4 പ്രകാരം കാവുകളുടെയും കണ്ടൽ കാടുകളുടെയും സംരക്ഷണത്തിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

1) ഓരോ തദ്ദേശസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽ കാടുകളുടെയും പട്ടിക തദ്ദേശഭരണ സ്ഥാപനതല ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും തയ്യാറാക്കണം.

2) ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കണം. ചുമതല നിശ്ചയിക്കണം.

3) ചെലവ് കുറഞ്ഞ രീതിയിൽ മുള്ള് വേലി കെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവൃത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.

4) നിർവ്വഹണം പൂർത്തിയാക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ആകെ ചെലവിന്റെ 75% തദ്ദേശസ്ഥാപനത്തിൽ നിന്നും നൽകാവുന്നതാണ്.

വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 33/21.08.2023) മറുപടി ലഭ്യമാക്കിയില്ല.

പരിസ്ഥിതി സംരക്ഷണത്തിന് നടപടികൾ സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-24 ആസ്തി സംരക്ഷണ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ84/2022/തസ്വഭവ തീയതി 19.04.2022] ഖണ്ഡിക 6.8.1 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

ഖണ്ഡിക 6.8.1 പ്രകാരം സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യങ്ങളായ നിർദ്ദേശങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ്. സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തുകളുടെ ഡിജിറ്റൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതാണ്. തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

ആസ്തികളുടെ സംരക്ഷണം, ഡിജിറ്റലൈസേഷൻ എന്നിവയ്ക്കായി റോഡ് ട്രാക്കിംഗ്, വാർഡ് തല പരിശോധന എന്നീ രണ്ട് ഘട്ടങ്ങൾ കഴിഞ്ഞതായും മൂന്നാം ഘട്ടം നടപ്പിലാക്കാൻ വേണ്ടി സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ് അപ്ഡേഷൻ ജില്ലാതലത്തിൽ നടക്കുകയാണെന്നും ആയത് നടപ്പിലാക്കുന്നമുറയ്ക്ക് ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആകുമെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 32/ 21.08.2023ന്റെ മറുപടി). തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

ആസ്തികളുമായി ബന്ധപ്പെട്ട്, ഭരണ സമിതി ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ അംഗീകരിച്ചിരുന്നു.

| തീരുമാനം നമ്പർ | തീരുമാനം |
|---|---|
| 1(1)/02.06.2022 | നാവായിക്കുളം ഗ്രാമ പഞ്ചായത്ത് ഫാർമസി ജംഗ്ഷനിലെ വെറ്റിനറി ഡിസ്പെൻസറിയുടെ ഭൂമി, 13-ാം വാർഡ് നാവായിക്കുളം മാർക്കറ്റ്, ലൈബ്രറി കെട്ടിടം, മാർക്കറ്റിലെ സ്റ്റാളുകൾ എന്നിവ NH 66 വികസനവുമായി ബന്ധപ്പെട്ട് വിട്ട് നൽകേണ്ടിവരുന്ന സാഹചര്യത്തിൽ ടി വസ്തു വകകളുടെ നഷ്ട പരിഹാരം പഞ്ചായത്തിന് ലഭിക്കുന്നതിനായി നടപടി സ്വീകരിക്കണമെന്ന് ഭരണസമിതി യോഗം നിർദ്ദേശിച്ചു. ആയതിന് പഞ്ചായത്തിൽ ലഭ്യമായ രേഖകൾ സഹിതം NH വികസനഅതോറിറ്റി, |

| | |
|---|---|
| | തഹസിൽദാർ ആറ്റിങ്ങലിനും, ബഹു. ജില്ലാ കളക്ടർ, ബഹു. പഞ്ചായത്ത്ഡയറക്ടർ എന്നിവരോടും അപേക്ഷി ക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |
| 1(1)/17.10.2022 | നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ നാവായിക്കുളം ജംഗ്ഷനിൽസ്ഥിതി ചെയ്യുന്ന പഞ്ചായത്ത് മാർക്കറ്റിന്റെ (എളുക്കാട് ) 365/13 റീ സർവ്വെ നമ്പരിൽ ഉൾപ്പെട്ട വസ്തുവും അതിൽ ഉൾപ്പെട്ട കെട്ടിടവും, ഫാർമസി ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന വെറ്റിനറി ഡി സ്പെൻസറി ഭൂമിയും NH 66 വികസനവുമായി ബന്ധപ്പെട്ട് മേൽ കാണിച്ച ആസ്തികൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ റവന്യൂ രേഖകളിലെ ബി.റ്റി.ആർ.ൽ പഞ്ചായത്ത്ആസ്തി എന്നു മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളൂ. മേൽ പ്രസ്താവിച്ച വസ്തു വകകൾക്ക് പഞ്ചായത്തിന്റെ പക്കൽ ആധാരമോ അനുബന്ധ രേഖകളോ ലഭ്യമല്ല. ഈസാഹചര്യത്തിൽ ടി വസ്തു വകകളുടെ നഷ്ടപരിഹാരം പഞ്ചായത്തിന് ലഭിക്കുന്നതിന് വേണ്ടി 02/06/22 ലെ പഞ്ചായത്ത്കമ്മിറ്റി (1)-ാം നമ്പരായി തീരുമാനം എടുത്ത് ബന്ധപ്പെട്ട ദേശീയപാത വികസന അതോറിറ്റി&തഹസീൽദാർ, ആറ്റിങ്ങൽ, ബഹു. ജില്ലാ കളക്ടർ, ബഹു. പഞ്ചായത്ത് ഡയറക്ടർ എന്നിവരെ അറിയിച്ചിട്ടുണ്ട്. ആയത് പരിഗണിക്കുന്നതിന് ഗവൺമെൻറ് തലത്തിൽ തീരുമാനം എടുത്ത് എത്രയും പെട്ടെന്ന് പഞ്ചായത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു . |

പ്രസ്തുത തീരുമാനങ്ങൾ പ്രകാരം എൻ.എച്ച് വികസനവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാര തുക ക്രെഡിറ്റ് ചെയ്തു കിട്ടുന്നതിന് ബഹു. വർക്കല എം.എൽ.എ, ബഹു. ധനകാര്യമന്ത്രി എന്നിവർക്ക് നിവേദനം നൽകിയിരുന്നതായും മന്ത്രി ഓഫീസിൽ നിന്നും പരിശോധിച്ച് ധനകാര്യ വകുപ്പ് സെക്രട്ടറിക്ക് കൈമാറിയതായും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 69/23.08.2023ന്റെ മറുപടി). തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന പദ്ധതി ജനറൽ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം

ലൈഫ് ഭവന (ജനറൽ )പദ്ധതി പ്രകാരം തുകകൾ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക | ഓഡിറ്റ് എൻക്വയറി നമ്പർ 27/21.08.2023ന് ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 1 | ഷീലദേവി, ഉഷസ് ഭവൻ | 18.8.22 | 200000/- | നിർമ്മാണം പുരോഗമിക്കുന്നു. |
| 2 | സന്ധ്യമോൾ, വയക്കൽ വീട് | 18.8.22 | 300000/- | നിർമ്മാണം പുരോഗമിക്കുന്നു. |
| 3 | വസന്ത, സന്തോഷ് ഭവൻ | 18.8.22 | 300000/- | നിർമ്മാണം പുരോഗമിക്കുന്നു. |
| 4 | സാവിത്രിയമ്മ, സിനി വിലാസം | 18.8.22 | 300000/- | നിർമ്മാണം പുരോഗമിക്കുന്നു. |

| | | | | |
|---|---|---|---|---|
| 5 | സബൂറബീവി, ബിസ്മി വില്ല | 18.8.22 | 300000/- | അതിർത്തി തർക്കം,സ്റ്റേ |
| 6 | അഴകമ്മ, ലക്ഷ്മി വിലാസം | 18.3.21 | 360000/- | അതിർത്തി തർക്കം,സ്റ്റേ |
| 7 | സുൽഫത്ത്, ശിവാലയം | 18.3.21 | 300000/- | നിർമ്മാണം പുരോഗമിക്കുന്നു. |

പദ്ധതി മാർഗരേഖ, കരാർ വ്യവസ്ഥ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-25-1 ലൈഫ് ഭവന പദ്ധതി എസ് സി പി

ലൈഫ് ഭവന (എസ് സി പി )പദ്ധതി പ്രകാരം തുകകൾ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | മധു, ചരുവിള വീട് | 8.3.21 | 200000/- |
| 2 | ഉഷ, മേലാച്ചിക്കുന്ന് വീട് | 8.3.21 | 300000/- |
| 3 | പ്രസന്ന, പ്രവീണ വിലാസം | 22.3.21 | 300000/- |
| 4 | അംബുജാക്ഷി, എസ് എസ് ഭവൻ | 8.3.21 | 4000/- |
| 5 | ഉഷ, ചരുവിള വീട് | 8.3.21 | 300000/- |
| 6 | സുശീല, വട്ടുവിള വീട് | 22.3.21 | 300000/- |
| 7 | ലീന,കിഴക്കേതോട്ടത്തിൽ വീട് | 22.3.21 | 200000/- |
| 8 | സുഭദ്ര, കാട്ടിൽ വീട് | 27.7.21 | 300000/- |
| 9 | കൊച്ചു പെണ്ണ്, ചരുവിള പുത്തൻ വീട് | 27.7.21 | 300000/- |
| 10 | സരസ്വതി | 27.7.21 | 200000/- |

| | | | |
|---|---|---|---|
| 11 | രാഖി, എം ആർ നിവാസ് | 27.7.21 | 300000/- |
| 12 | സിന്ധു, റോഡ് വിള പുത്തൻ വീട് | 20.9.21 | 40000/- |
| 13 | ശകുന്തള, ശ്രീരാഗം | 20.9.21 | 300000/- |
| 14 | ആനന്ദവല്ലി, അനന്തു ഭവൻ | 20.9.21 | 300000/- |
| 15 | ബിജു, കാട്ടിൽവീട് | 20.9.21 | 200000/- |
| 16 | സുഗന്ധി, ചരുവിള പുത്തൻ വീട് | 20.9.21 | 200000/- |
| 17 | അനിമോൾ, കുന്നുവിള വീട് | 20.9.21 | 300000/- |
| 18 | ഗോമതി, കുന്നത്തുപണചരുവിള വീട് | 20.9.21 | 300000/- |
| 19 | സുലോചന, ചരുവിള വീട് | 20.9.21 | 300000/- |
| 20 | കമലമ്മ, പുതുവൽ വീട് | 11.3.22 | 300000/- |
| 21 | സരോജിനി,കാട്ടിൽ വീട് | 11.3.22 | 300000/- |
| 22 | മറിയകിറ്റതൽ, അമ്പനാട്ട് കുന്നുവിള വീട് | 11.3.22 | 200000/- |

ഓഡിറ്റ് എൻക്വയറി നമ്പർ 27തീയതി 21.08.2023ന് ലഭ്യമാക്കിയ മറുപടിയിൽ നിർമ്മാണപ്രവൃത്തികൾ പുരോഗമിക്കുന്നതായി അറിയിച്ചിട്ടുണ്ട്. പദ്ധതി മാർഗരേഖ, കരാർ വ്യവസ്ഥ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-25-2 ഭവനപുനരുദ്ധാരണം ജനറൽ - നിർമ്മാണം പൂർത്തിയാകുന്നതിന് കാലതാമസം.

| | |
|---|---|
| പദ്ധതിയുടെ പേര് | ഭവനപുനരുദ്ധാരണം ജനറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ 1 |
| പ്രോജക്റ്റ് നമ്പർ | 07/23 |

| | |
|---|---|
| അടങ്കൽ | 3960000/-<br>വികസനഫണ്ട്-1320000, ധനകാര്യ കമ്മീഷൻ അവാർഡ്-2640000/- |
| ചെലവ് | 3420000/- |

ഭവനപുനരുദ്ധാരണം ജനറൽ പദ്ധതി പ്രകാരം 2022-23 വർഷം 65 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിനായി തുകകൾ നൽകിയിട്ടുണ്ട്. ആദ്യ ഗഡു കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക | ഓഡിറ്റ് എൻക്വയറി നമ്പർ 26/21.08.2023ന് ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 1 | വൽസല, പഷ്ണാകുഴി വീട് | 16.12.22 | 30000/- | ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചു. 2023-24 സ്പിൽ ഓവർ പ്രോജക്ടിൽ നിന്നും തുക നൽകും |
| 2 | ലളിതയമ്മ, പനച്ചിവിള പുത്തൻ വീട് | 7.2.23 | 30000/- | ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചു. 2023-24 സ്പിൽ ഓവർ പ്രോജക്ടിൽ നിന്നും തുക നൽകും |
| 3 | ഫസീല ബീവി, നൂറുൽ ഇമാൻ വീട് | 7.2.23 | 30000/- | ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചു. 2023-24 സ്പിൽ ഓവർ പ്രോജക്ടിൽ നിന്നും തുക നൽകും |
| 4 | അംബിക, പറങ്കിമാവിള വീട് | 17.2.23 | 30000/- | ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചു. 2023-24 സ്പിൽ ഓവർ പ്രോജക്ടിൽ നിന്നും തുക നൽകും |
| 5 | ഗോപാലകൃഷ്ണൻ, ദേവിനിവാസ് | 15.3.23 | 30000/- | നിർമ്മാണം പുരോഗമിക്കുന്നു. |
| 6 | ബദറുദ്ദീൻ, സുജിന | 15.3.23 | 30000/- | നിർമ്മാണം പുരോഗമിക്കുന്നു. |

| | | | | |
|---|---|---|---|---|
| | മൻസിൽ | | | |
| 7 | ലൈലബീവി, ഷീജ മൻസിൽ | 15.3.23 | 30000/- | ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചു. 2023-24 സ്പിൽ ഓവർ പ്രോജക്ടിൽ നിന്നും തുക നൽകും |
| 8 | അംബിക, തോട്ടത്തിൽ വീട് | 15.3.23 | 30000/- | നിർമ്മാണം പുരോഗമിക്കുന്നു. |

സ.ഉ.(കൈ) നം 115/2022/തസ്വഭവ തീയതി 28.5.23 പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ എസ് ജി ഡി ഓവർസിയർ സാക്ഷ്യപ്പെടുത്തിയിരിക്കണം. മേൽ ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല. ഭവനപുനരുദ്ധാരണം പൂർത്തീകരിച്ച ഗുണഭോക്താക്കൾ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് തുക കൈമാറേണ്ടതാണ്. നിർമ്മാണം പുരോഗമിക്കുന്ന വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

## 1-25-3 വീട് വാസയോഗ്യമാക്കൽ എസ് സി പി ( വി ഇ ഓ 2)

വീട് വാസയോഗ്യമാക്കൽ (എസ് സി പി )പദ്ധതി പ്രകാരം തുകകൾ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക | ഓഡിറ്റ് എൻക്വയറി നമ്പർ 59/23.08.2023ന് ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 1 | സജി, കുന്നുവിള വീട് (31/23) | 29.11.21 | 40000/- | വാല്യുവേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ നൽകിയിട്ടുണ്ട്. |
| 2 | രമണൻ,കാഞ്ഞിരംപൊയ്ക (31/23) | 14.2.22 | 40000/- | നിർമ്മാണം പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയതായി അറിയിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 7 | തങ്കമണി (128/23) | 9.1.23 | 50000/- | വാല്യുവേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ നൽകിയിട്ടുണ്ട്. |

ഭവനപുനരുദ്ധാരണം പൂർത്തീകരിച്ച ഗുണഭോക്താക്കൾ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് തുക കൈമാറേണ്ടതാണ്.നിർമ്മാണം പുരോഗമിക്കുന്ന വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

## 1-26 ഹരിത കർമസേനക്ക് ഇലക്ട്രിക് വാഹനം വാങ്ങിയതിന് സർക്കാർ നിർദ്ദേശങ്ങളേക്കാൾ അധിക തുക ചെലവാക്കി -36400 രൂപയുടെ അധിക ചെലവ്

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | 230/23 | |
| പേര് | ഹരിത കർമസേനക്ക് ഇലക്ട്രിക് വാഹനം വാങ്ങൽ | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്(ധനകാര്യ കമ്മിഷൻ അവാർഡ്) | 603499 | 486400 |
| നിർവ്വഹണം | സെക്രട്ടറി | |
| ബിൽ നമ്പർ | 513/20.03.2023 തുക 486400 | |

ഹരിത കർമസേനക്ക് ഇലക്ട്രിക് വാഹനം വാങ്ങുന്നതിലേക്കായി ജെം പോർട്ടലിൽ ഐ.ഡി. GEM/2023/B/3057289 പ്രകാരം ബിഡ് ക്ഷണിക്കുകയും ഒണീറോ ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും അക്സസറീസ്, ഇൻഷുറൻസ് ഉൾപ്പെടെ ആകെ 486400 രൂപക്ക് വാഹനം വാങ്ങുകയും ചെയ്തു. ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള 14/07/2021 ലെ 123/DSM/TVPM/2021 നമ്പർ കത്തിൽ ഇലക്ട്രിക് വാഹനത്തിന്റെ ആകെ തുക 450000 രൂപയിൽ പരിമിതപ്പെടുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 450000 രൂപയിൽ അധികരിച്ച് വാഹനം വാങ്ങിയതിന്റെ കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം.07/19.08.23 നുള്ള മറുപടിയിൽ വാഹനം വാങ്ങിയ സമയത്ത് മേൽ കത്ത് ശ്രദ്ധയിൽ പെട്ടിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇലക്ട്രിക് വാഹനം വാങ്ങുന്നതിലേക്കായി ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ നിർദ്ദേശിച്ച പരമാധി തുകയെക്കാൾ അധികരിച്ച 36400 രൂപ (486400-450000) അധിക ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് അധിക ചെലവുകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പൊതു ടാപ്പുകളുടെ കുടിവെള്ള കരം

കേരള വാട്ടർ അതോറിറ്റിയുടെ മാർച്ച് 2023 ലെ ബിൽ പ്രകാരം (ബിൽ നമ്പർ 72505/15.03.23) 10,09,672 രൂപ കുടിവെള്ള കര കുടിശ്ശികയും 19,862 രൂപ പിഴയും ഒടുക്കേണ്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശിക വന്നതിന്റെ കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 8/19.08.23) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ, പഞ്ചായത്തിലെ നിലവിലുള്ള പൊതു ടാപ്പുകളുടെ എണ്ണവും ഇത് സംബന്ധിച്ച ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ടും മേൽ ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. കുടിവെള്ള കര കുടിശ്ശിക സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതും പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് ജോയിന്റ് വെരിഫിക്കേഷൻ

നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-28 തെരുവ് വിളക്ക് അറ്റകുറ്റ പണിക്ക് കൂലി നൽകൽ-കരാറുകാരന് നൽകിയ അധിക തുകയായ 162726 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 104/22-23 | |
| പേര് | തെരുവ് വിളക്ക് അറ്റകുറ്റ പണിക്ക് കൂലി നൽകൽ | |
| നിർവ്വഹണം | സെക്രട്ടറി | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് (പൊതു വിഭാഗം) | 400000 | 400000 |
| തനത് ഫണ്ട് | 100000 | 25352 |
| ആകെ | 500000 | 425352 |
| ബിൽ നമ്പർ | 265/26.12.2022 തുക 262626 രൂപ,<br>427/21.02.2023 തുക 137374 രൂപ,<br>ചെക്ക് നമ്പർ-275410/25.02.2023,<br>തുക 25352 രൂപ. | |

2022-23 വർഷത്തെ തെരുവ് വിളക്ക് അറ്റകുറ്റ പണിക്ക് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തു (ഒരെണ്ണത്തിന് 74 രൂപ) വിഷ്ണു.വി,ധന്യ ഭവൻ, നടക്കൽ എന്ന വ്യക്തിക്ക് ടെണ്ടർ നൽകുകയും ചെയ്തു. പഞ്ചായത്ത് സെക്രട്ടറിയും കരാറുകാരനും തമ്മിലുള്ള കരാർ ഉടമ്പടി പ്രകാരം 2022-23 വർഷം 3549 തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണിക്കാണ് ടെണ്ടർ നൽകിയത്. ഒരെണ്ണത്തിന് 74 രൂപ നിരക്കിൽ 3549 തെരുവ് വിളക്കുകൾക്ക് 262626 രൂപയാണ് ചെലവ്. എന്നാൽ, പദ്ധതിയിൽ തെരുവ് വിളക്ക് അറ്റകുറ്റ പണിക്കായി 425352 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം.9/19.08.23 ന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച യാതൊരു രേഖയും ഓഡിറ്റിനായി ഹാജരാക്കിയില്ല. തെരുവ് വിളക്ക് മെയിന്റനൻസിനുള്ള ആകെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് കരാറിൽ വ്യക്തമല്ലാത്തതിനാലും എത്ര തവണ തെരുവ് വിളക്കുകൾ മെയിന്റനൻസ് നടത്തി എന്നത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്തതിനാലും കരാറുകാരനുമായുള്ള കരാർ ഉടമ്പടിയെക്കാൾ അധികരിച്ച് ചെലവാക്കിയ 162726 രൂപയുടെ (425352 -262626 ) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 ആർജ്ജിതാവധി സറണ്ടർ -രേഖകൾ ലഭ്യമാക്കിയില്ല-130620 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

25.02.2023 ലെ GO(P) No.20/2023/Fin ഉത്തരവ് പ്രകാരം 2022-23 സാമ്പത്തിക വർഷം NREGS കരാർ ജീവനക്കാർക്ക് പീരിയോഡിക്കൽ സറണ്ടർ ഓഫ് ഏൺഡ് ലീവ് അനുവദിച്ചിട്ടുണ്ട്(വൗച്ചർ നമ്പർ 22201051 ചെക്ക് നമ്പർ 6945164/29.03.2023) വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക | സറണ്ടർ ചെയ്ത ലീവുകളുടെ എണ്ണം | തുക(രൂപ) |
|---|---|---|---|---|
| 1 | രാഹുൽ.എസ് | അക്രഡിറ്റഡ് എൻജിനീയർ | 30 | 31460 |
| 2 | അനീഷ്.എം.എസ് | ഓവർസിയർ | 30 | 25540 |

| | | | | |
|---|---|---|---|---|
| 3 | രമ്യ.ടി.എം | ഓവർസിയർ | 30 | 25540 |
| 4 | സജീഷ്.ആർ.സി | അക്കൗണ്ടന്റ് കം ടെക്നിക്കൽ അസിസ്റ്റന്റ് | 30 | 24040 |
| 5 | അശ്വതി.യു.എ | അക്കൗണ്ടന്റ് കം ടെക്നിക്കൽ അസിസ്റ്റന്റ് | 30 | 24040 |
| | | | ആകെ | 130620 |

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 30.06.2014 ലെ ഇ2/2321/14 നമ്പർ സർക്കുലറിൽ കരാർ ജീവനക്കാർക്ക് ആർജിതാവധി, ആർജിതാവധി വില്പന എന്നീ ആനുകൂല്യങ്ങൾ സർക്കാർ അനുവദിച്ചിട്ടുള്ളതിനാൽ എല്ലാ കരാർ ജീവനക്കാർക്കും സേവന പുസ്തകം ആരംഭിച്ച് ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കരാർ ജീവനക്കാരുടെ സേവന പുസ്തകമോ പീരിയോഡിക്കൽ സറണ്ടർ ഓഫ് ഏൺഡ് ലീവ് അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയലുകളോ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പീരിയോഡിക്കൽ സറണ്ടർ ഓഫ് ഏൺഡ് ലീവ് എപ്രകാരം അനുവദിച്ച എന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ 53/23.08.23) മറുപടിയിൽ കരാർ ജീവനക്കാർക്ക് നാളിതുവരെ സേവന പുസ്തകം ആരംഭിച്ചിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആർജിതാവധി കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാത്തതിനാൽ NREGS കരാർ ജീവനക്കാർക്ക് അനുവദിച്ച ആർജിതാവധി സറണ്ടർ തുകയായ 130620 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 ശമ്പള പരിഷ്കരണം-സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങിയില്ല

ചുവടെ പറയുന്ന ജീവനക്കാരുടെ സേവന പുസ്തകം പരിശോധിച്ചതിൽ 2019 ശമ്പള പരിഷ്കരണത്തിനായി(GO.(P).No.27/2021/Fin Dated 10.02.2021) സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങിയിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്.

| ജീവനക്കാരന്റെ പേര് | തസ്തിക |
|---|---|
| അഖിൽ വിജയ് | ക്ലർക്ക് |
| തങ്കം.വി | പാർട്ട് ടൈം സ്വീപ്പർ |
| ജി.വിജയകുമാരി | പാർട്ട് ടൈം സ്വീപ്പർ |
| ശ്യാമലത.എസ് | ക്ലർക്ക് |
| രാജേഷ്.സി.പി | ക്ലർക്ക് |
| സവിത ചന്ദ്രൻ.എൽ | അക്കൗണ്ടന്റ് |
| രാകേഷ്.ആർ | ക്ലർക്ക് |
| അനന്തു.ആർ.ആർ | സീനിയർ ക്ലർക്ക് |

| | |
|---|---|
| സുമോധ്.ഒ | സീനിയർ ക്ലർക്ക് |
| രജനിമോൾ.എൽ | ഓഫീസ് അറ്റന്റന്റ് |
| സരിഗ | ക്ലർക്ക് |

ആയതിന് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ 54/23.08.23) മറുപടിയിൽ ശമ്പള പരിഷ്കരണത്തിനായി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. മേൽ ജീവനക്കാർക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 ഡിജിറ്റൽ സാക്ഷരത-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 154/22-23 | |
| പേര് | ഡിജിറ്റൽ സാക്ഷരത | |
| നിർവ്വഹണം | എച്ച്.എം. | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്(പൊതു വിഭാഗം) | 50000 | 4400 |
| ആകെ | 50000 | 4400 |

മേൽ പദ്ധതിയുടെ ഭാഗമായി 22 വാർഡുകളിലും ക്ലോത്ത് ബാനർ സ്ഥാപിക്കുന്നതിലേക്കായി ആകെ 4400 രൂപ മാത്രമാണ് ചെലവാക്കിയിട്ടുള്ളത്. പ്രോജക്ട് രൂപീകരണ ഫോറത്തിൽ പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. പദ്ധതിയുടെ മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള രേഖകളും പദ്ധതിയുടെ ലക്ഷ്യങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ടും ലഭ്യമാക്കിയില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ 55/23.08.23) മറുപടിയിൽ, വിശദമായ പ്രൊജക്ട് എൻട്രി ഉൾപ്പെടുത്താൻ സാധിച്ചില്ലെന്നും 2023-24 വർഷത്തിൽ സ്പിൽ ഓവർ ആയി പദ്ധതിയെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അപര്യാപ്തതകൾ എല്ലാം പരിഹരിച്ച് 2023-24 വർഷം പദ്ധതി വിജയകരമായി പൂർത്തിയാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ അപാകങ്ങൾ പരിഹരിച്ച് 2023-24 വർഷം പദ്ധതി പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 കൃത്യമായ സ്ഥലപരിശോധനയില്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുംമുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. 2022-23 വർഷം നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളിൽ പരിശോധന വിധേയമാക്കിയ ഭൂരിഭാഗം പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് പുതുക്കിയതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | റിവൈസ് ചെയ്യുന്നതിനുള്ള കാരണം |
|---|---|---|---|

| | | | |
|---|---|---|---|
| I | 46/23 | കൂരയിൽ തെങ്ങ്പണയിൽ പാലം നിർമ്മാണം | 50സെ.മീ Bed Blockനൽകേണ്ടതിനാലും Approach Roadൽ Side Protection Wall കൂടി നിർമ്മിക്കേണ്ടിവന്നതിനാലും |
| Ii | 61/23 | നാവായിക്കുളം വലിയകുളം സൈഡ് വാൾ കെട്ടി സംരക്ഷിക്കൽ | DR അളവിൽ മാറ്റം വരുത്തി |
| Iii | 51/23 | പറകുന്ന് ആനാംപൊയ്ക റോഡ് റീടാറിംഗ് | ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി റോഡിൽ പൈപ്പ് ലൈൻ കുഴിച്ചതിനാൽ 30 സെ. മീറ്റർ താഴ്ചയിൽ ഫില്ലിംഗ് |
| Iv | 63/23 | അയത്തിൽ ചിറ കൾവേർട്ട് കൺസ്ട്രക്ഷൻ | വാഹനം സഞ്ചരിക്കുന്ന രീതിയിൽ കലുങ്കിന്റെ വീതി ക്രമപ്പെടുത്തി. |

2022-23 വർഷം നടപ്പാക്കിയ പ്രവൃത്തികളിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത പ്രവൃത്തികളുടെ വിശദാംശം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 56/23.08.2023)പൈപ്പ് ലൈൻ കട്ടിംഗിന് ഫിൽ ചെയ്യാൻ വേണ്ടി റിവൈസ് ചെയ്ത 13 പ്രവൃത്തികളുടെ വിവരമാണ് ലഭ്യമാക്കിയത്.

സ്ഥലപരിശോധന നടത്തുകയും പൊതുജനപങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തിരുന്നുവെങ്കിൽ എസ്റ്റിമേറ്റ് റിവിഷന്റെ ആവശ്യകത ഭൂരിഭാഗം പ്രവൃത്തികളിലും ഉണ്ടാകില്ലെന്ന് വ്യക്തമാണ്.

ഭാവിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥലപരിശോധനയും ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉറപ്പാക്കേണ്ടതാണ്.

## 1-33 പുളിവേലിക്കോണം കുളം നവീകരണം - പ്രവൃത്തി നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0072/23 |
| പ്രോജക്ടിന്റെ പേര് | പുളിവേലിക്കോണം കുളം നവീകരണം(SO) |
| അടങ്കൽ | 2,00,000<br>(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 1,33,618 |
| കരാറുകാരൻ | രവീന്ദ്രകുറുപ്പ് (1% Below) |
| ബിൽ നമ്പർ | 79/27.08.2022 |
| ഭരണാനുമതി | 1(2)/28.03.2020 |
| സാങ്കേതികാനുമതി | 100038 തീയതി 20.08.2020 |
| എം ബുക്ക് നമ്പർ | 520/21-22 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളം വൃത്തിയാക്കുന്നതിനും കുളത്തിന്റെ വശങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും 2020-21 വർഷം രൂപീകരിച്ച പ്രോജക്ടാണിത്.

ആകെ ആറ് ഇനങ്ങളുള്ള പ്രവൃത്തിയിൽ നാല് ഇനങ്ങൾ നിർവ്വഹിച്ച് ആദ്യ പാർട്ട് ബിൽ തുകയായി 1,33,618 രൂപ ചെലവ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രവൃത്തിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയില്ല.

2) ആദ്യ പാർട്ട് ബില്ലിൽ നിന്നും റിട്ടൻഷൻ കുറവ് ചെയ്തിട്ടില്ല.

ആദ്യ പാർട്ട് ബില്ലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തി മൂല്യം -125248.55 – ടെന്റർ കുറവ് 1252.49 = 123996.06+GST 12% 14879.53 = 138876 പ്രസ്തുത തുകയിൽ നിന്ന് നികുതി, ക്ഷേമനിധി എന്നിവയായി 5258രൂപ കുറച്ച് 133618 രൂപയാണ് ബിൽ തുകയായി പിൻവലിച്ചിരിക്കുന്നത്.

വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 41/ 22.08.2023) മറുപടി ലഭ്യമാക്കിയില്ല.

വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-34 അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

1) പഞ്ചായത്ത് പരിധിയിൽ ആകെയുള്ളത് 41 അങ്കണവാടികളാണ്. സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള അങ്കണവാടികളെകുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (അവലംബം - ഓഡിറ്റ് അന്വേഷണം നമ്പർ 19/19.08.23ന്റെ മറുപടി)

| ക്രമ നമ്പർ | വിഷയം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 14 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 12 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 6 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 17 (10 + 7) |
| 5 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | 2 |

സ്വന്തമായി കെട്ടിടമില്ലാത്ത 14 അങ്കണവാടികളിൽ 12 എണ്ണം വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ബാക്കിയുള്ള 2 അങ്കണവാടികൾ (നമ്പർ 50, 56) പ്രവർത്തിക്കുന്നത് ഏത് തരം കെട്ടിടത്തിലാണ് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. കൂടാതെ, വാടകകെട്ടിടത്തിൽ നടത്തുന്ന 6 അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലം ഉണ്ടെങ്കിലും കെട്ടിടം ഇല്ലാത്തതായി കാണുന്നു. മേൽ വിഷയത്തിൽ സത്വര നടപടി ഉണ്ടാകേണ്ടതാണ്.

ചുറ്റുമതിൽ ഇല്ലാത്ത 10 അങ്കണവാടികളും, ഭാഗികമായി മാത്രം ചുറ്റുമതിലുള്ള 7 അങ്കണവാടികളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്. മേൽ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്ത 2 അങ്കണവാടികൾ (നമ്പർ 76, 80) ഉള്ളതായി വിവരം ലഭിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ പ്രസ്തുത അങ്കണവാടികളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.3.l പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ

(പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപവത്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി നിലവിൽ ഇല്ലായെന്ന് മറുപടി നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരമുള്ള കമ്മിറ്റി എത്രയും വേഗം രൂപീകരിക്കേണ്ടതും അങ്കണവാടികളുടെ പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്.

3)സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.3 Xi. F, Gഎന്നിവ പ്രകാരം വർഷത്തിലൊരിക്കൽ കിണർ വൃത്തിയാക്കാനും മാസത്തിലൊരിക്കൽ ജലസംഭരണി വൃത്തിയാക്കാനും സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയത് പരിശോധിച്ചതിൽ അങ്കണവാടി നമ്പർ 74 ന്റെ കിണർ 2022-23 ൽ വൃത്തിയാക്കിയിട്ടില്ല എന്നു കാണുന്നു. ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

4) ജി.ഒ(എം.എസ്)4/2016/തസ്വഭവ, തീയതി 11.01.2016 (iii) പ്രകാരം അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കണം. ഇതിനായി അങ്കണവാടി വെൽഫെയർ കമ്മിറ്റിക്ക് പുറമേ ഗ്രാമസഭ അംഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ്. അങ്കണവാടി തല മോണിട്ടറിംഗ് കമ്മിറ്റിയാണ് ഇക്കാര്യം നിർവ്വഹിച്ചുവരുന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരമുള്ള കമ്മിറ്റി രൂപീകരിച്ചതായി വിവരം നൽകിയിട്ടില്ല.

5) 2022-23 വർഷം ന്യൂട്രിമിക്സിന്റെ (THRS) ഗുണനിലവാരം പരിശോധിച്ചതിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടി പ്രകാരം 3-4 മാസം കൂടുമ്പോൾ ന്യൂട്രിമിക്സ് ടെസ്റ്റിന് അയയ്ക്കുന്നുണ്ടെന്നും എന്നാൽ കൃത്യമായി റിപ്പോർട്ട് ലഭിക്കാറില്ലെന്നും അറിയിച്ചിരിക്കുന്നു. സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ കൃത്യമായ ഇടവേളകളിൽ ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 ഭിന്നശേഷി സ്കോളർഷിപ്പ് - തുക അനുവദിച്ചതിലെ അപാകങ്ങൾ.

| | |
|---|---|
| പദ്ധതിയുടെ പേര് | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് |
| പദ്ധതി നമ്പർ | 80/23 |
| പദ്ധതി അടങ്കൽ | 170000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 157200 (വികസന ഫണ്ട് പൊതുവിഭാഗം) |
| എസിആർ ബിൽ നം./തീയതി | 178/09.11.22 – 88800<br>360/06.02.23 - 68400 |
| നിർവഹണം | ഐസിഡിഎസ് സൂപ്പർവൈസർ |

മേൽ പ്രോജക്ടിന്റെ ഭാഗമായി 19 ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് തുക അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നുള്ള അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(കൈ)നം.115/2022/തസ്വഭവ, തീയതി 28.05.22 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.6 പ്രകാരം അർഹമായതിൽ നിന്നും അധികമായി സ്കോളർഷിപ്പ് തുക അനുവദിച്ചിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന ക്ലാസ് | സ്കോളർഷിപ്പ് തുക | | |
|---|---|---|---|---|
| | | അർഹമായത് (500x12+600) | അനുവദിച്ചത് (600x12+800) | അധികം നൽകിയത് |
| നവമി.എസ്.എൻ, ചരുവിള വീട് | 8 | 6600 | 8000 | 1400 |

2. അർഹമായതിൽ നിന്നും കുറവായി സ്കോളർഷിപ്പ് തുക അനുവദിച്ചിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന ക്ലാസ് | സ്കോളർഷിപ്പ് തുക | | |
|---|---|---|---|---|
| | | അർഹമായത് (500x12+600) | അനുവദിച്ചത് (400x12+500) | കുറവായി നൽകിയത് |
| മുഹമ്മദ് സിനാൻ.എൻ, എൻ.എസ്.ലാന്റ് | 5 | 6600 | 5300 | 1300 |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 51/23.08.23) ലഭ്യമാക്കിയ മറുപടി പ്രകാരം അധികമായി നൽകിയ സ്കോളർഷിപ്പ് തുക 2023-24 വർഷത്തെ സമാനപദ്ധതിയിൽ നിന്ന് ക്രമപ്പെടുത്തി നൽകാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, ആനുകൂല്യം കുറവായി അനുവദിച്ച വിഷയത്തിൽ 2023-24 ൽ പദ്ധതി നടപ്പിലാക്കുമ്പോൾ ശ്രദ്ധിച്ചുകൊള്ളാമെന്നും അറിയിച്ചിട്ടുണ്ട്. അധികമായി നൽകിയ തുക 2023-24 ലെ പദ്ധതിയിൽ നിന്നും ക്രമപ്പെടുത്താതെ ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-36 പെൺഅടയാളങ്ങൾ-സ്ത്രീ പദവി പഠനം - റിപ്പോർട്ട് ലഭ്യമായിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | പെൺഅടയാളങ്ങൾ-സ്ത്രീപദവി പഠനം |
| പദ്ധതി നമ്പർ | 86/23 |
| പദ്ധതി അടങ്കൽ | 32500 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 13528 (വികസന ഫണ്ട് പൊതുവിഭാഗം) |
| എസിആർ ബിൽ നം./തീയതി | 419/20.02.23 - 13528 |
| നിർവഹണം | ഐസിഡിഎസ് സൂപ്പർവൈസർ |

സ്ത്രീകളുടെ അവസ്ഥപഠനം നടത്തി സ്ത്രീ സമൂഹത്തിന്റെ ലിംഗപദവി ഉയർത്തുക എന്നതാണ് മേൽ പ്രോജക്ടിന്റെ ലക്ഷ്യം. ബന്ധപ്പെട്ട പ്രോജക്ട് രൂപീകരണ ഫോറം ക്രമ നമ്പർ 22 പ്രകാരം നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ പറയുന്നവയാണ്.

1. ചോദ്യാവലി തയ്യാറാക്കൽ

2. ഡേറ്റാ ശേഖരണം എൻട്രി

3. ഡേറ്റാ അനാലിസിസ്

4. റിപ്പോർട്ടിംഗ്

എന്നാൽ മേൽ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതിന്റെ യാതൊരു രേഖയും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 52/23.08.23) ലഭ്യമാക്കിയ മറുപടി പ്രകാരം സ്ത്രീപദവി പഠനം ഓൺലൈനായാണ് നടത്തിയതെന്നും തിരുവനന്തപുരം ജില്ലാ വനിതാ ശിശുവികസന ഓഫീസിന്റെ നേതൃത്വത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോമിൽ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. അതിന്റെ ഡേറ്റാ അനാലിസിസും റിപ്പോർട്ടും ജില്ലാ ശിശുവികസന ഓഫീസിൽ നിന്നും നാളിതുവരെ ലഭ്യമായിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ആവശ്യമായ തുടർപ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

## 1-37 കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് അനുവദിച്ച 50000 രൂപയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | കോക്ലിയാർ ഇംപ്ലാന്റ് ചെയ്തവർക്കുള്ള സഹായ ഉപകരണങ്ങൾക്കുള്ള ധനസഹായം |
| പദ്ധതി നമ്പർ | 83/23 |
| പദ്ധതി അടങ്കൽ | 50000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 50000 |
| എസിആർ ബിൽ നം./തീയതി | 497/16.03.23 - 50000 |
| നിർവഹണം | ഐസിഡിഎസ് സൂപ്പർവൈസർ |

മേൽ പ്രോജക്ടിന്റെ ഭാഗമായി ആർദ്രപിള്ള.ആർ, മണലുവിള പുത്തൻവീട് എന്ന ഗുണഭോക്താവിന് കോക്ലിയാർ ഇംപ്ലാന്റ് ഉപകരണം ലഭ്യമാക്കുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പേരിൽ 50000 രൂപ അനുവദിച്ചിരുന്നു. എന്നാൽ ടി തുകയ്ക്ക് നാളിതുവരെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുകയോ ഉപകരണം ലഭ്യമാകുകയോ ചെയ്തിട്ടില്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 52/23.08.23) ലഭ്യമാക്കിയ മറുപടി പ്രകാരം, ആവശ്യപ്പെട്ടിട്ടും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ഉപകരണം ലഭ്യമായതിന്റെ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-38 സ്നേഹസ്പർശം - ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകി.

| | |
|---|---|
| പദ്ധതിയുടെ പേര് | സ്നേഹസ്പർശം - മാനസിക വെല്ലുവിളി സ്കോളർഷിപ്പ് |
| പദ്ധതി നമ്പർ | 81/23 |
| പദ്ധതി അടങ്കൽ | ആകെ 1699000<br>712000 (വികസന ഫണ്ട് പൊതുവിഭാഗം)<br>493500 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>493500 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| പദ്ധതി ചെലവ് | ആകെ 1699000<br>678500 (വികസന ഫണ്ട് പൊതുവിഭാഗം)<br>493500 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>493500 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| നിർവഹണം | ഐസിഡിഎസ് സൂപ്പർവൈസർ |

മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ സമഗ്രപുരോഗതിയ്ക്കുള്ള ധനസഹായം നൽകുന്നതിനായുള്ള പ്രോജക്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും ആനുകൂല്യം ലഭിച്ച ചുവടെ ചേർക്കുന്ന വിദ്യാർത്ഥികൾ മേൽ പ്രോജക്ടിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നു കാണുന്നു.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര്/ വിലാസം | ലഭിച്ച തുക | എസിആർ ബിൽ നമ്പർ/തീയതി |
|---|---|---|---|
| 1 | സനൂജ്.എസ്, കുനൻചാലിൽ | 28500 | 590/28.03.23 (വികസനഫണ്ട്) |
| 2 | അഖിൽ.എസ്, വൈഷ്ണവം | 4000 | |
| 3 | ശ്യാമിൻ.എം.ശശി, മണിമാധവം | 4000 | |

മേൽ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയതിന് സാധൂകരണം ലഭ്യമാക്കണമെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സാധൂകരണം/കമ്മിറ്റി തീരുമാനം എന്നിവ ലഭിച്ചതായി കാണുന്നില്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 74/24.08.23) ലഭ്യമാക്കിയ മറുപടി പ്രകാരം, ആനുകൂല്യം നൽകിയ 3 പേരുടെ അംഗീകാരം ഗ്രാമസഭയിൽ സാധൂകരിക്കുന്നതിന് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകിയതിനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതും ആയതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 1-39 ബാലസൗഹൃദ പഞ്ചായത്ത് പ്രവർത്തനം - നടപടിക്രമങ്ങളിലെ അപാകം.

| | |
|---|---|
| പദ്ധതിയുടെ പേര് | ബാലസൗഹൃദ പഞ്ചായത്ത് പ്രവർത്തനങ്ങൾ |
| പദ്ധതി നമ്പർ | 192/23 |
| പദ്ധതി അടങ്കൽ | 22000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 22000 |
| എസിആർ ബിൽ നം./തീയതി | 498/16.03.23 – 22000 |
| നിർവഹണം | ഐസിഡിഎസ് സൂപ്പർവൈസർ |

ബാലസൗഹൃദ പ്രവർത്തനങ്ങൾ മെച്ചപ്പെടുന്നതിലേയ്ക്കായി എല്ലാ വാർഡുകളിലും ബാലസഭകൾ സംഘടിപ്പിക്കുകയാണ് മേൽ പ്രോജക്ടിന്റെ ലക്ഷ്യം. ആയതിനായി ഓരോ വാർഡിനും 1000 രൂപ ക്രമത്തിൽ ആകെ 22000 രൂപയാണ് വകയിരുത്തിയിരിക്കുന്നത്. എന്നാൽ, ഐസിഡിഎസ് സൂപ്പർവൈസർ നേരിട്ട് നിർവ്വഹണം നടത്തേണ്ട പ്രോജക്ടിന്റെ തുക കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടെ പേരിലേയ്ക്ക് നിക്ഷേപിക്കുകയും ചെലവ് നടത്തിയതിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. ഇപ്രകാരം തുക കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടെ പേരിലേയ്ക്ക് അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കുന്നതിനും ബന്ധപ്പെട്ട കമ്മിറ്റി തീരുമാനം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 68/24.08.23), ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഉൾപ്പെടെയുള്ളവരെ അറിയിച്ചാണ് 2023 മാർച്ച് മാസം മെമ്പർ സെക്രട്ടറിയുടെ പേരിൽ തുക അനുവദിച്ചതെന്നും ചെറിയ തുകയുടെ പ്രോജക്ട് സ്പിൽ ഓവർ ആകാതിരിക്കുന്നതിനു വേണ്ടിയാണ് ഇപ്രകാരം ചെയ്തതെന്നും അറിയിച്ചിരിക്കുന്നു. ആയതിന് ഭരണസമിതി സാധൂകരണം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്നതിന്റെ വിശദമായ റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്.

## 1-40 അനുപൂരക പോഷകാഹാരം - സ്റ്റോക്കിലെ പൊരുത്തക്കേട്.

അങ്കണവാടി അനുപൂരക പോഷകാഹാര വിതരണ പദ്ധതി ജനറൽ (പ്രോജക്ട് നമ്പർ 17/23), അങ്കണവാടി അനുപൂരക പോഷകാഹാര വിതരണ പദ്ധതി എസ്സി(പ്രോജക്ട് നമ്പർ 18/23) എന്നീ പദ്ധതികളുടെ ഭാഗമായി ഐസിഡിഎസ് സൂപ്പർവൈസർ പർച്ചേസ് ചെയ്ത് സ്റ്റോക്കിലെടുത്ത് അങ്കണവാടികൾക്ക് വിതരണം നടത്തിയ ഭക്ഷണ സാധനങ്ങളുടെ സ്റ്റോക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | അങ്കണവാടി | വിതരണമാസം/വർഷം | ഇനം | ഐസിഡിഎസ് | അങ്കണവാടി |
|---|---|---|---|---|---|

| നമ്പർ | നമ്പർ | | | സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം നടത്തിയത് | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലഭിച്ചത് |
|---|---|---|---|---|---|
| 1 | 41 | 02/23 | അമൃതം പൊടി | 36 Packet | 60 Packet |
| 2 | 52 | 07/22 | അമൃതം പൊടി | 45 Packet | 52 Packet |
| | | 10/22 | സാമ്പാർപൊടി | 3 Packet | 2 Packet |
| 3 | 61 | 07/22 | അമൃതം പൊടി | 51 Packet | 54 Packet |
| 4 | 71 | 11/22 | വെള്ളക്കടല | 1 Kg | - |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 67/24.08.23) ലഭ്യമാക്കിയ മറുപടി പ്രകാരം മേൽപ്പറഞ്ഞവ അങ്കണവാടി വർക്കർമാരുടെ ഭാഗത്തുനിന്നുള്ള അപാകതയാണെന്നും ഭാവിയിൽ ഇത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ വെയ്ക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.
അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-41 വയോജനങ്ങൾക്ക് ജീവിത ശൈലി രോഗങ്ങൾക്കുള്ള മരുന്ന് ഒരു വർഷം വൈകി വിതരണം ചെയ്തു.

പദ്ധതി നമ്പർ:15
പദ്ധതിയുടെ പേര്: വയോജനങ്ങൾക്ക് ജീവിത ശൈലി രോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ
അടങ്കൽ തുക:5,00,000
ചെലവ് തുക: 5,00,000
ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്
ബിൽ നമ്പർ, തീയതി: 18/15.06.2022
നിർവ്വഹണം – മെഡിക്കൽ ഓഫീസർ – പി.എച്ച്.സി.

മരുന്നുകളുടെ വിലയായ 5,00,000/- രൂപ 15.06.2022 ൽ നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരം 63284/- രൂപയുള്ള മരുന്നുകൾ ഒരു വർഷം വരെ വൈകി 05.06.2023 ലാണ് ലഭ്യമായിരിക്കുന്നത്.

| ഇൻവോയ്സ് നമ്പർ | തീയതി | തുക |
|---|---|---|
| സി 5518/2022-‘23 | 20.06.2022 | 3,71,316 |
| സി 8810/2022-‘23 | 26.07.2022 | 65,400 |
| സി 3227/2023-‘24 | 05.06.2023 | 63,284 |
| | ആകെ | 5,00,000 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/19.08.2023), സർക്കാരിൽ നിന്നും മരുന്നുകൾ ലഭ്യമായെന്നും

മരുന്നുകൾ സൂക്ഷിക്കുന്നതിനുള്ള സ്ഥല സൗകര്യം ഇല്ലാത്തതിനാലാണ് മരുന്നുകൾ ഒന്നിച്ച് വാങ്ങാതിരുന്നതെന്നമാണ് മറുപടി ലഭ്യമാക്കിയത്. ഇത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഭാവിയിൽ, ആവശ്യകതയ്ക്കനുസരിച്ച് മാത്രം മരുന്നുകൾ വാങ്ങുന്നതിനായി പ്രോജക്റ്റുകൾ രൂപീകരിക്കേണ്ടതാണ്.

## 1-42 ഹോമിയോ മരുന്നുകൾ പൂർണമായും ലഭ്യമായില്ല.

പദ്ധതി നമ്പർ:22

പദ്ധതിയുടെ പേര്: ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക:2,50,000

ചെലവ് തുക: 2,50,000

ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്

ബിൽ നമ്പർ, തീയതി: 191/18.11.2022

മരുന്നുകൾക്കായി 2,50,000 രൂപ 18.11.2022 ന് ഹോംകോയ്ക്ക് നൽകിയിരുന്നു. എൽ.എഫ് 660 തീയതി 25.07.2023 എന്ന ബിൽ പ്രകാരം 1,02,790 രൂപയുടെ ഹോമിയോ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. 1,47,210 രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകേണ്ടതുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ 2/18.08.2023) മരുന്നുകൾ ഉടനെ വിതരണം ചെയ്യുമെന്ന് 'ഹോംകോ ' അറിയിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഈ കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-43 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഔഷധി കരാർ പാലിച്ചില്ല.

1.

പദ്ധതി നമ്പർ:1

പദ്ധതിയുടെ പേര്: : ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക:11,00,000

ചെലവ് തുക:11,00,000

ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്

ബിൽ നമ്പർ, തീയതി: 112/17.09.2022

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ആയുർവേദം

മരുന്നുകളുടെ വിലയായ 11,00,000/- രൂപ 17.09.2022 ൽ നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരം 26.03.2.2023 ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| ബിൽ നമ്പർ | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 90274092 | 30.09.2022 | 3,86,984/- | 18.11.2022 |
| 90277395 | 31.10.2022 | 1,89,952/- | 18.11.2022 |
| 90280388 | 28.11.2022 | 4,32,430/- | 02.12.2022 |
| 90283667 | 26.12.2022 | 21,309/- | 11.01.2023 |
| 90291385 | 25.02.2023 | 34,927/- | 25.02.2023 |
| 90295775 | 26.03.2023 | 34,398/- | 23.03.2023 |
| | ആകെ | 11,00,000/- | |

2.

പദ്ധതി നമ്പർ:127

പദ്ധതിയുടെ പേര്: : പ്രസവ രക്ഷാ മരുന്ന് വാങ്ങൽഅടങ്കൽ തുക:96,465/-

ചെലവ് തുക: 96,465/-

ഫണ്ടിനം:

വികസന ഫണ്ട്:50,000/- , മെയിന്റനൻസ് ഫണ്ട്: 46,465/-

ബിൽ നമ്പർ, തീയതി: 212/02.12.2022

മരുന്നുകളുടെ വിലയായ 96,465/- രൂപ 02.12.2022 ൽ നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരം 24.02.2023 ലാണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| ബിൽ നമ്പർ | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 90285126 | 31.12.2022 | 37,792 | 31.12.2022 |
| 90285606 | 03.01.2023 | 17,915/- | 03.01.2023 |

| | | | |
|---|---|---|---|
| 90291245 | 24.02.2023 | 40,759/- | 25.02.2023 |
| | ആകെ | 96,466/- | |

3.

പദ്ധതി നമ്പർ:126
പദ്ധതിയുടെ പേര്: : വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക:2,00,000/-
ചെലവ് തുക: 2,00,000/-
ഫണ്ടിനം: വികസന ഫണ്ട്
ബിൽ നമ്പർ, തീയതി: 113/17.09.2022

മരുന്നുകളുടെ വിലയായ 2,00,000/- രൂപ 17.09.2022 ൽ നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരം 13.03.2023 ലാണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| ബിൽ നമ്പർ | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 90274144 | 30.09.2022 | 82,958/- | 30.09.2022 |
| 90277435 | 31.10.2022 | 66,169/- | 31.10.2022 |
| 90280390 | 08.11.2022 | 46,441/- | 02.12.2022 |
| 90293896 | 10.03.2023 | 4,431/- | 13.03.2023 |
| | ആകെ | 1,99,9997- | |

നിർവ്വഹണ ഉദ്യോഗസ്ഥനും മരുന്നു വിതരണക്കാരായ 'ഔഷധി' യുമായി 20.09.2022 ൽ ഏർപ്പെട്ട കരാറിന്റെ ഒന്നാമത്തെ നിബന്ധന വില നൽകി 60 ദിവസത്തിനകം മരുന്ന് പൂർണ്ണമായും വിതരണം ചെയ്യുമെന്നും അല്ലാത്തപക്ഷം നഷ്ടോത്തരവാദിത്തം ഔഷധി വഹിക്കുമെന്നുമാണ്.
ഔഷധിയുമായി നിരവധി തവണ ബന്ധപ്പെട്ടിരുന്നെങ്കിലും മരുന്നുകൾ ലഭ്യമാക്കിയില്ലെന്നാണ് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 04/18.03.2023) നൽകിയ മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്.
മരുന്നുകൾ ലഭ്യമാകാൻ കാലതാമസം നേരിടുന്നത് ഗുരുതരമായ വീഴ്ചയാണ്. മരുന്നുകൾ യഥാസമയം ലഭ്യമാകുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. ആരോഗ്യ രംഗത്തെ പദ്ധതികൾ സമയബന്ധിതമായും നിയമാനുസൃതമായും നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-44 ഗ്രാമസഭ സംഘാടനത്തിൽ പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കേണ്ടതാണ്

2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ (1, 5, 6, 7, 10, 11, 12, 13, 21, 22) നടന്ന ഗ്രാമസഭാ യോഗ മിനിട്സ് പരിശോധിച്ചതിൽ, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയാണ് പല ഗ്രാമസഭാ യോഗങ്ങളും നടത്തിയിരിക്കുന്നതെന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1) 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 (3) പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം 3 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ 2022 ഡിസംബർ മാസം ഗ്രാമസഭ കൂടിയതിനുശേഷം 2023 ജൂലൈ മാസത്തിലാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്.

പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിധേയമായി സമയബന്ധിതമായി ഗ്രാമസഭകൾ വിളിച്ച് ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2) 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) അനുശാസിക്കുന്ന പ്രകാരം, ഓഡിറ്റ് റിപ്പോർട്ട്, ഭരണ സമിതി എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമ സഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

ഭാവിയിൽ ഓഡിറ്റ് റിപ്പോർട്ട്, ഭരണ സമിതി എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമ സഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

3)ഗ്രാമ സഭ മിനിട്സ് കൺവീനറും കോ-ഓർഡിനേറ്ററും സാക്ഷ്യപ്പെടുത്തണമെന്നുണ്ടെങ്കിലും ചില ഗ്രാമസഭകളിലെ മിനിട്സ് (ഉദാ-വാർഡ്-1, 5, 6, 7, 11, 12, 22) ഇപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഇനി വീഴ്ചകൾ ഉണ്ടാവുകയില്ല എന്ന് അറിയിച്ചിട്ടുണ്ട് .

4)കേരള പഞ്ചായത്ത് രാജ് ആക്ട് അധ്യായം II വകുപ്പ് 3A (4) പ്രകാരം ഗ്രാമസഭകളുടെ ക്വാറം പ്രസ്തുത പ്രദേശത്തെ

സമ്മതിദായകരുടെ എണ്ണത്തിന്റെ 10% ആയിരിക്കണമെന്നും ക്വാറം തികയാതെ മാറ്റി വെയ്ക്കുന്ന ഗ്രാമസഭയുടെ യോഗം വീണ്ടും കൂടുമ്പോൾ പ്രസ്തുത യോഗത്തിന്റെ ക്വാറം 50 ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വാർഡ് 7 (വെള്ളൂർക്കോണം)ലെ ആകെ ജനസംഖ്യ 1361 ആണ്. 31/07/22 ൽ നടന്ന ഗ്രാമസഭാ യോഗത്തിൽ 76 പേർ മാത്രമെ പങ്കെടുത്തിട്ടുള്ളൂ (അംഗീകൃത ക്വാറം - 136). ക്വാറം തികയാത്തതിനാൽ യോഗം മാറ്റിവച്ചതിന്റെ വിവരങ്ങൾ മിനിട്സിൽ ലഭ്യമല്ല.

പങ്കെടുത്തവരുടെ കൃത്യമായ വിവരം രേഖപ്പെടുത്തുന്നതിൽ വീഴ്ച പറ്റിയതായി അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ പറ്റാതെ നോക്കാമെന്നും പങ്കെടുത്തവരുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താമെന്ന് അറിയിച്ചിട്ടുണ്ട്.

ഗ്രാമസഭകളുടെ സംഘാടനത്തിൽ പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 1232500 | കേദാരം സമഗ്ര നെൽകൃഷി | 1232500 | 0 |
| | | 0 | 38140 | തരിശുനിലത്തിലെ നെൽകൃഷി | 38140 | 0 |
| | | 0 | 493500 | സ്നേഹസ്പർശം - മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 493500 | 0 |
| | | 0 | 198710 | ക്ഷീര സമൃദ്ധി പാലിന് സബ്സിഡി ജനറൽ | 198710 | 0 |
| | | 1250948 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 1250948 |
| ആകെ | | 1250948 | 1962850 | | 1962850 | 1250948 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 680000 | കേദാരം സമഗ്ര നെൽകൃഷി | 680000 | 0 |
| | | 0 | 56000 | ഹരിതഭവനം | 56000 | 0 |
| | | 0 | 3240000 | ലൈഫ് പദ്ധതി ഭവന നിർമ്മാണം - പട്ടികജാതി | 3240000 | 0 |
| | | 0 | 493500 | സ്നേഹസ്പർശം - മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 493500 | 0 |
| | | 0 | 499936 | ക്ഷീര സമൃദ്ധി പാലിന് സബ്സിഡി ജനറൽ | 499936 | 0 |
| | | 177196 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 177196 |
| ആകെ | | 177196 | 4969436 | | 4969436 | 177196 |

| | 2021-22 B-4 ഷെഡ്യൂൾ | തൻവർഷത്തെ വരവ് | ആകെ | സുലേഖ പത്രിക പ്രകാരം | നീക്കിയിരിപ്പ് | തിരിച്ചടവ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം |
|---|---|---|---|---|---|---|---|

| | പ്രകാരം മുന്നിരിപ്പ് | | | ചെലവ് | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1250948 | 1962850 | 3213798 | 1962850 | 1250948 | 0 | 1250948 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 177196 | 4969436 | 5146632 | 4969436 | 177196 | 0 | 177196 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക ( വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 29/23 - സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 236000 | - | 236000 |
| | 27/23 - പോസ്റ്റ് ഷിഫ്റ്റിംഗ് | 118017 | - | 118017 |
| | ആകെ | 354017 | | 354017 |
| ഭൂജല വകുപ്പ് | 228/23 - കല്ലമ്പലം മാർക്കറ്റിൽ കുഴൽകിണർ നിർമ്മാണം | 857248 | - | 857248 |
| | 227/23-കടവൂർചിറ ബോർവെൽ മെയിന്റനൻസ് 12-ാം വാർഡ് | 65418 | - | 65418 |
| | ആകെ | 922666 | | |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | 2021-22 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം) | ആകെ | വിനിയോഗസാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2022-23 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 3023777 | 354017 | 3377794 | - | 3377794 | 3023777 * |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 7917967 | 922666 | 8840633 | - | 8840633 | 7983385 ** |
| കേരള വാട്ടർ അതോറിറ്റി | 6139278 | 0 | 6139278 | 1133399 | 5005879 | 6139278 *** |
| പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് | 1740000 | 0 | 1740000 | - | 1740000 | 1740000 |

* സുലേഖ ചെലവ് പത്രിക പ്രകാരം കെ.എസ്.ഇ.ബിയ്ക്ക് അനുവദിച്ച 354017 രൂപയുടെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ, വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത ടി തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

** സുലേഖ ചെലവ് പത്രിക പ്രകാരം ഭൂജല വകുപ്പിന് അനുവദിച്ച 922666 രൂപയുടെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ, വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത ടി തുകയിൽ 65418 രൂപ മാത്രമാണ് ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടുള്ളത്.

*** പൈപ്പ്ലൈൻ എക്സ്റ്റൻഷൻ പ്രോജക്ടിന്റെ ചെലവഴിക്കാത്ത തുകയായ 1133399 രൂപ 2022-23 വർഷം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ചത് ബാധ്യതാ ശീർഷകത്തിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് മുൻകൂർ ആയി നൽകിയ 1740000/- രൂപ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ക്രമീകരിക്കാതെ അവശേഷിക്കുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക ( RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ( B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| HUDCO | സ.ഉ.(കൈ)68/2018/ തസ്വഭവ, | 35871870 | 51460000 | 7994340 | 79337530 |

| | | | | | | |
|---|---|---|---|---|---|---|
| | തീ.18.05.2018 | | | | | |

## 4-5 സ്ഥിര നിക്ഷേപം

| FD നമ്പർ | തുക | പലിശ നിരക്ക് | നിക്ഷേപ തീയതി | മെച്യൂരിറ്റി തീയതി | ബാങ്ക് |
|---|---|---|---|---|---|
| 37193 | 345022 | 6.75% | 26.09.22 | 25.09.23 | തിരുവനന്തപുരം ജില്ലാ കോ- ഓപ്പറേറ്റീവ് ബാങ്ക്, കല്ലമ്പലം ശാഖ |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,96,02,541 |
| ഓഡിറ്റ് വർഷത്തെ വരവ് | 22,46,60,804 |
| ആകെ | 24,42,63,345 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 12,82,07,321 |
| നീക്കിയിരിപ്പ് | 11,60,56,024 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,93,346 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 162726 | ശ്രീ. സുധീരൻ.എം.എസ്.,സെക്രട്ടറി |
| 1-29 | 130620 | ശ്രീ. സുധീരൻ.എം.എസ്.,സെക്രട്ടറി |
| ആകെ | 2,93,346 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുധീരൻ.എം.എസ്.,സെക്രട്ടറി | സെക്രട്ടറി,<br>അതിയന്നൂർ ഗ്രാമപഞ്ചായത്ത് | ശ്രീദളം,<br>ചിറ്റാറ്റിൻകര,<br>വട്ടിയൂർക്കാവ്.പി.ഒ.,<br>തിരുവനന്തപുരം. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 1 |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 1 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 4 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 6 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 3 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 4 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 2 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 4 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 3 |

| | | |
|---|---|---|
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 16 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 8 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 12 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 4 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 10 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 8 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/498/2019 തീയതി. 16.04.2021 | 6 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/403/2020 തീയതി. 11.08.2022 | 24 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1739/2021തീയതി 18.08.2023 | 49 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1018/2022 തീയതി 22.05.2023 | 23 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/340/2023 തീയതി 20.03.2023 | 47 |

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 22-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Navayikulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Navayikulam Grama Panchayat for the year 2022-2023

Date: 16/10/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Navayikulam Grama Panchayat for the Year 2022-2023.

### 1.Major Observations

1. Non disclosure of Assets except Other fixed assets in the balance sheet.
2. Non disclosure of new Asset - New asset (purchase of electric vehicle) created in the financial year not included in the balance sheet.

### 2.Other Observations

1. The financial ratios, notes to accounts, B-1 Shedule (Adjusted performance for the current year) are not submitted with the annual financial statement.
2. Cash flow statement-Net increase/decrease in cashflow doesnot match with the difference between the opening balance and closing balance of cash and cash equivalents.
3. Depreciation provided for the Other Fixed assets is more than its bookvalue.
4. Balance of CFC Grant fund in the B-4 schedule does not match with respective bank account balance.
5. MGNREGS - Income does not match with its expenditure.

6. Time delay for the credit of cheque deposited. According to SBI bank reconciliation statement an amount of 31182/- is recorded as Cheque deposited but not credited.
7. Lapses in making timely and accurate demand entries in respect of tax revenue.
8. Cheque of amount 589/- uncashed for more than 3 months were not transfered to Stale cheque account.
9. The valuation of stock and stores are not done at the end of the financial year and no amount is included in the B-14 Stock in hand (inventories) schedule.
10. The details of IOB Bank account opened for Vathilpadi Sevanam is not included in Annual Financial Statement.
11. Amount used for asset creation using CFC tied grant account not transfered to Capital Contribution and treated as revenue income.
12. Provision on doubtful debt is not provided.
13. Further actions are not taken for the transfer the Stale cheque amount to own fund.
14. Misclassification of payment voucher. The amounts deposited with KGWD, KSEB are not included in the B-18 schedule.
15. The payment of Unemployment scheme of amount720/- and Financial help for Widow Daughter Marriage of amount 210000/- are not recorded in the Annual Financial Statement.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്